# ജീബനാനന്ദ ദാസ്

ചിദാനന്ദ ദാസ് ഗുപ്ത



ഭാരതീയ

ML
891.441 092
D 26 D



INDIAN INSTITUTE
OF
ADVANCED STUDY
LIBRARY, SHIMLA



*Jibanananda Das*—Malayalam translation by K. Ayyappa Paniker of Chidananda Das Gupta's, monograph in English.
Sahitya Akademi, New Delhi (1985).

SAHITYA AKADEMI
REVISED PRICE Rs. 15-00

© Chidananda Das Gupta
© Sahitya Akademi (Malayalam Translation)
First published: 1985

Library IIAS, Shimla
ML 891.441 092 D 26 D
00117876

*പ്രധാന സ്ഥാപനം:*

സാഹിത്യ അക്കാദമി
രബീന്ദ്ര ഭവൻ, ന്യൂ ഡെൽഹി—110001

*പ്രാന്തീയ ശാഖകൾ:*
29, എൽഡാംസ് റോഡ്, മദിരാശി—600018
ബ്ലോക്ക് V-B, രബീന്ദ്ര സരോബർ സ്റ്റേഡിയം, കൽക്കത്ത—700 029
172, മുംബയ് മറാത്തി ഗ്രന്ഥസംഗ്രഹാലയ മാർഗ്,
ദാദർ, ബോംബെ—400014

ML
891.441 092
D 26 D

SAHITYA AKADEMI
REVISED PRICE Rs. 15-00

മുദ്രണം:
ജനതാ പ്രസ്സ്, മദിരാശി-600014

Indian Institute of Advanced Study
117876
28.12.04
SHIMLA

# സമർപ്പണം

കവിത

പരിഭാഷപ്പെടുത്തുന്നതിൽ

എനിക്ക്

പ്രോൽസാഹനം നൽകിയിട്ടുള്ള

**ഹുമയുൺ കബീറിന്റെ**

സ്മരണയ്ക്ക്

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| . | കാലഘട്ടം | ... | 5 |
| 2. | വ്യക്തി | ... | 14 |
| 3. | കവി | ... | 16 |
| | വിവർത്തനങ്ങൾ | ... | 34 |
| | ഗ്രന്ഥസൂചി | ... | 67 |

# 1. കാലഘട്ടം

ജീബനാനന്ദ ദാസിന്റെ ജീവിതകാലം (1899–1954) ഏതാണ്ടു മുഴുവനും തന്നെ കഴിച്ചുകൂട്ടിയത് രബീന്ദ്രനാഥ ടാഗൂർ ആധിപത്യം പുലർത്തിയിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു.

അരനൂററാണ്ടിലേറെക്കാലം ബംഗാളിന്റെ അവബോധത്തെ ആകമാനം ടാഗൂർ എങ്ങനെ വലയംചെയ്തിരുന്നു എന്നത് അനുഭവസ്ഥർക്കു മാത്രം മനസ്സിലാവുന്ന ഒരു കാര്യമാണ്. അഭ്യസ്തവിദ്യനായ ഓരോ ബംഗാളിയും അദ്ദേഹത്തിന്റെ ഗദ്യശൈലി മാത്രമല്ല, കയ്യക്ഷരവും അനുകരിച്ചുപോന്നു; അദ്ദേഹത്തിന്റെ രണ്ടായിരത്തോളം ഗാനങ്ങളിൽ അഞ്ഞൂറെങ്കിലും ഹൃദിസ്ഥമാക്കിയിരുന്നു; സ്ക്കൂളിലോ കോളജിലോ വച്ച് അദ്ദേഹത്തിന്റെ ഏതെങ്കിലും ഒരു നാടകത്തിൽ ഒരു വേഷം കെട്ടിയിരുന്നു; അദ്ദേഹത്തിന്റെ കുറെയേറെ കവിതകൾ ഓർമ്മയിൽ നിന്നു ചൊല്ലാനുള്ള കഴിവു നേടിയിരുന്നു; അദ്ദേഹത്തിന്റെ എല്ലാ നോവലുകളും മിക്ക ഉപന്യാസങ്ങളും വായിച്ചിരുന്നു; ശാന്തിനികേതനത്തിലെ ആശ്രമവാടം സന്ദർശിച്ചിരുന്നു; ഇതിനൊക്കെ പുറമെ, രബീന്ദ്രനാഥന്റെ ജീവിതവീക്ഷണം സ്വായത്തമാക്കി സകല പ്രശ്നങ്ങളുടെ നേർക്കും അത് അവലംബിക്കുകയും ചെയ്തിരുന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ, പഴയതും പുതിയതും തമ്മിൽ, ശാസ്ത്രവും മതവും തമ്മിൽ ഉള്ള സംയോജനം അടിസ്ഥാനമാക്കി, ബ്രഹ്മസമാജത്തിന്റെ കർക്കശത്വം അല്പം കലർന്ന, വിശാലസ്വതന്ത്രമാനവിക വീക്ഷണം—സമൂഹപരിഷ്കരണബോധം—പല തലമുറകളുടെയും മനസ്സിന്റെ വിവിധ തലങ്ങളിലേക്കു വേരൂന്നിയിരുന്നു. രബീന്ദ്രനാഥ ടാഗൂറിന് ബാഹ്യമായോ, അതീതമായോ,

വിരുദ്ധമായോ അഭ്യസ്തവിദ്യനായ ഒരു ബംഗാളിക്കു ചിന്തിക്കാനേ സാധ്യമായിരുന്നില്ല. തന്റെ ജീവിതത്തിലും കൃതിയിലും കൂടി ബംഗാളി മനസ്സിന്റെ മേൽ അധൃഷ്യമായ ഒരു സ്മാരകചത്രം തന്നെ അദ്ദേഹം നിർമ്മിച്ചിരുന്നു എന്നു പറയാം. ആശങ്കയോടെയാണ് ഞാൻ ഭൂതകാലക്രിയ ഉപയോഗിച്ചത്. കാരണം ടാഗൂർപാരമ്പര്യത്തിന്റെ ശക്തി ഇന്നും മുഴുവൻ ക്ഷയിച്ചുകഴിഞ്ഞിട്ടില്ല. എങ്കിലും 1941-ൽ അദ്ദേഹത്തിന്റെ മരണത്തിനുശേഷം ജനിച്ചവരിൽ പലരും ഇന്നു മുപ്പതിലെത്തിയിരിക്കുന്നു; അദ്ദേഹത്തെകുറിച്ചോർക്കണമെങ്കിൽ കുറച്ച് പിൻതിരിയേണ്ടിവരുന്നു എന്ന് ഇന്നത്തെ ബംഗാളിക്കു ബോദ്ധ്യമാകത്തക്കവിധം ബംഗാളിലെ ചുററുപാടുകളുടെ സ്വഭാവം മാറിക്കഴിഞ്ഞിരിക്കുന്നു. രണ്ടാം ലോകയുദ്ധം, തൊഴിലില്ലായ്മ, കൂടുതൽ പരുഷമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയസംഘർഷം, സ്വാതന്ത്ര്യപൂർവ്വകാലത്തെ മഹനീയാദർശങ്ങളുടെ തകർച്ചയെപ്പററിയുള്ള പൊതുബോധം—ഇവയെല്ലാം ടാഗൂർയുഗത്തിലെപ്പോലെ അദ്ദേഹവുമായുള്ള സംപൂർണ്ണതാദാത്മ്യത്തിനു വിഘാതം സൃഷ്ടിച്ചിരിക്കുന്നു.

രബീന്ദ്രനാഥന്റെ സ്വാധീനതാവലയത്തിനു വെളിയിൽ കടക്കാൻ അഭ്യസ്തവിദ്യനായ ഒരു ബംഗാളിക്കു പോലും അത്ര വിഷമമായിരുന്നെങ്കിൽ, അതിലിരട്ടി വിഷമമായിരുന്നു അദ്ദേഹത്തിന്റെ പിൻഗാമികളായ കവികൾക്ക്. നിത്യപരിണാമിയായ തന്റെ ചിന്തയിലെ നൂതനവശങ്ങൾകൊണ്ട് അദ്ദേഹം അവരെ അദ്ഭുതപരതന്ത്രരാക്കിക്കൊണ്ടിരുന്നു. മരണത്തിന്റെ വക്കിൽക്കൊണ്ടുചെന്നെത്തിച്ച കഠിനമായ ഒരു രോഗത്തിനുശേഷം 1937-ൽ പ്രസിദ്ധപ്പെടുത്തിയ പ്രാന്തിക് (വിദൂരപ്രാന്തത്തിൽ നിന്ന്) എന്ന കവിതാസമാഹാരം മുതൽ സമകാലിക യാഥാർത്ഥ്യത്തെപ്പററി ഒരു പുതിയ ഉണർവോടെ അദ്ദേഹം സംസാരിക്കാൻ തുടങ്ങി; യുദ്ധശക്തികളെയും ചുററുപാടുമുള്ള പുതിയ അധർമങ്ങളെയും അതികഠിനമായി ഭർത്സിക്കാൻ ആരംഭിച്ചു.

ചീററുന്ന സർപ്പങ്ങരം അന്തരീക്ഷത്തെ
വിഷമയമാക്കുന്നു.
ശാന്തിയെപ്പററിയുള്ള മധുരപദങ്ങരം
പൊള്ളയായി ധ്വനിക്കുന്നു.
എന്റെ കാലം കഴിയാറായി, പക്ഷെ
പോകുന്നതിനു മുൻപ്
ഓരോ വീട്ടിലും ഇരുന്ന്
രാക്ഷസന്നെതിരെ പൊരുതാൻ
ശ്രമിക്കുന്നവരെ
ഞാൻ വിളിച്ചുണർത്തുന്നു.

(പ്രാന്തിക്, കവിത 18.)

എക്കാലത്തും ശാന്തിയുടെ പ്രവാചകനായിരുന്ന വൃദ്ധകവിക്ക് ഇതിലെ രണ്ടാമത്തെ വരി എഴുതണമെങ്കിൽ എത്രമാത്രം മനോവേദന അനുഭവപ്പെട്ടിരിക്കണമെന്ന് ഊഹിക്കാവുന്നതേയുള്ളു.

മുപ്പതുകളിൽ, ടാഗൂർ സ്വാധീനതയിൽനിന്ന് മോചനത്തിനുവേണ്ടിയുള്ള അന്വേഷണം ഒരു തലമുറയിലെ കവികളുടെ ആകെയുള്ള ബോധപൂർവമായ ശ്രമമായി മററിയിരുന്നു. അവരിൽ ഏററവും വാചാലൻ, ഒരുപക്ഷെ, ബുദ്ധദേവ് ബോസ് ആയിരുന്നു. ടാഗൂറിന്റെ മരണത്തിന് ഉദ്ദേശം പതിനഞ്ചു വർഷംമുൻപ്, യുദ്ധാനന്തര നൈരാശ്യത്തിന്റേതായ ആംഗലകവിതയുടെയോ മാർക്സിസ്റ്റ് തത്വചിന്തയുടെയോ രണ്ടിന്റെയുമോ ശക്തമായ സ്വാധീനതയിൽപെട്ട കുറെ വ്യക്തികരം ചേർന്ന കല്ലോൽ എന്ന ഒരു സംഘം അതേപേരിലുള്ള ഒരു മാസിക കേന്ദ്രമാക്കി രബീന്ദ്രോത്തരമാനസികാവസ്ഥ ആവിഷ്കരിക്കാനുള്ള മാർഗങ്ങരം ആരായാൻ തുടങ്ങി. ടാഗൂറിൽനിന്നുള്ള വിമോചനത്തിനുവേണ്ടി നടത്തുന്ന സമരത്തിൽ കല്ലോൽ മാത്രമായിരുന്നില്ല പങ്കെടുത്തത്. രബീന്ദ്രനാഥന്റെ ജൻമദിനത്തിൽ എഴുതിയ ഒരു കവിതയിൽ ബിഷ്ണുദേ പറയുന്നതുപോലെ,

ടാഗൂർക്കച്ചവടം ഇനി വേണ്ടാ
നമുക്ക്, ആദിസ്രോതസ്സിന്റെ

ജഡാബന്ധനവും വേണ്ടാ.
നാം നമ്മുടെ ആത്മാവിന്റെ ഗംഗയെ
തുറന്നുവിടുന്നു, കടലിലേക്ക്
പാട്ടായി ഒഴുകിച്ചെല്ലുന്നു,
പുതിയ രേഖയിൽ, നിറത്തിൽ, ചിത്രത്തിൽ,
കവിതയിൽ,
നമ്മുടെ നവോൻമേഷ ധാരകളെ തുറന്നുവിടുന്നു.
(ബിഷ്ണു ദേ : ബൈശാഖ് 25-നു.)

എങ്കിലും ''ടാഗൂറിനോടു പ്രതിഷേധിച്ചു''കൊണ്ടല്ല ജീബനാനന്ദ ദാസ് തുടക്കം കുറിച്ചത്; മാത്രമല്ല, മറേറതു രബീന്ദ്രോത്തര കവിയെക്കാളും കൂടുതലായി ടാഗൂറിന്റെ പരിണാമത്തിനു സമാന്തരമായിരുന്നു ജീബനാനന്ദന്റെ കാവ്യപ്രമേയവികാസം. അദ്ദേഹം ഇക്കാര്യത്തെപ്പററി വളരെ ബോധവാനായിരുന്നിരിക്കണം. അദ്ദേഹം എഴുതുന്നു:

> തങ്ങൾക്കു മുൻപുള്ള മഹാകവികളെ മറിച്ചിടാനുള്ള ഗൂഢാലോചനയുടെ ഫലമായല്ല കവികൾ ഉണ്ടാകുന്നത്. . . . ഒന്നോ രണ്ടോ കവികളുടെ ഏതാനും കവിതകളൊഴിച്ചാൽ, ബാക്കി ആധുനിക ബംഗാളികവിതയുടെ നിർഗുണത്വം തികച്ചും പ്രകടമാണ്. ടാഗൂറിന്റെ ഒരു കവിതയോ ഗാനമോ കേൾക്കാനിടയാവുന്നത് അവയുമായുള്ള വ്യത്യാസമോർക്കുമ്പോൾ നമ്മെ കൃതജ്ഞതാഭരിതരാക്കുന്നു . . . ടാഗൂറിന്റെ സൂചനകളുടെ സഹായംകൊണ്ടാണ് നവീന ബംഗാളി കവിത ചെറിയ ഒരു തുടക്കം കുറിച്ചിട്ടുള്ളത് (അടിവര എന്റേത്). അതിന്റെ വികാസം ബംഗാളി സാഹിത്യത്തിന്റെയോ ടാഗൂറിന്റെയോ അടിസ്ഥാനഭാവങ്ങളുടെ തകർച്ചയിലേക്കു നയിക്കുകയില്ല.

ടാഗൂർ പാരമ്പര്യത്തിനു കടകവിരുദ്ധമായി പോകുന്നതിനുപകരം ആ പാരമ്പര്യത്തെ പുതിയ കാലഘട്ടത്തിന്റെ ആത്മാവും ശൈലിയുമാക്കി വളർത്തിയെടുത്തു

എന്നതിലാണ് ജീബനാനന്ദന്റെ സാമർത്ഥ്യം നിഴലിക്കുന്നത്. "പാരമ്പര്യവും വ്യക്തിപ്രതിഭയും" എന്ന ലേഖനത്തിൽ ററി. എസ്. എലിയററ് വ്യക്തമായി പ്രതിപാദിച്ച പരസ്പരബന്ധത്തിന് ഉത്തമോദാഹരണമാണ് ജീബനാനന്ദ് നൽകുന്നത്.

പടിഞ്ഞാറുനിന്നുള്ള കൊടുങ്കാററുകൾ ബംഗാളിസാഹിത്യത്തെ ശക്തമായി ഉലച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്—വിക്ടോറിയൻ കാലഘട്ടത്തിലെ ധാർമ്മികസുസ്ഥിരത നഷ്ടപ്പെടുകയും അണുശക്തിയുഗത്തിന്റെ പടിവാതില്ക്കൽ ശാസ്ത്രം പുതിയ അനിശ്ചിതത്വങ്ങളെ വളർത്തുകയും തകർന്നടിഞ്ഞ ഭൂവിഭാഗത്തിന്റെ പല മൂലകളിലും മാർക്സിസം കൊടിയുയർത്തുകയും ചെയ്ത രണ്ടു യുദ്ധങ്ങൾക്കിടയിലുള്ള ഊഷരഭൂമിയിലേക്ക് ആ കൊടുങ്കാററുകൾ വീശിയടിച്ചു.

ടാഗൂറിന്റെ അവസാനകാലത്തും അതിനുശേഷവും ബംഗാളിസാഹിത്യസ്രഷ്ടാക്കളിൽ ഏറിയകൂറും ഇംഗ്ലീഷ് പ്രൊഫസർമാർ ആയിരുന്നു എന്നത് ശ്രദ്ധേയമാണ്—ബുദ്ധദേവബോസ്, ബിഷ്ണുദേ, അമീയ ചക്രവർത്തി, സമർസെൻ, ജീബനാനന്ദ ദാസ്. അവർ നേരിട്ട് ഇംഗ്ലീഷ് അധ്യാപകരായിരുന്നില്ലെങ്കിൽ തന്നെ, ഇംഗ്ലീഷ് പത്രലോകത്തിലെ പ്രവർത്തകരെന്നനിലയിൽ അവരോട് ഏറെ സദൃശരായിരുന്നു. പടിഞ്ഞാറൻ കലാസാഹിത്യങ്ങളിലെ പൗരാണികവും നവീനവുമായ മിഥോളജിയിൽനിന്നുള്ള സൂചനകൾ നിറഞ്ഞവയായിരുന്നു അവരുടെ കവിതകൾ. ററി. എസ്. എലിയററും വെബ് ദമ്പതികളും, ഡബ്ല്യു. ബി. യേററ്സും ക്രിസ്റ്റഫർ കോഡ്വെല്ലും രജനിപാമ് ദത്തും ഓസ്വാൾഡ് സ്പെൻഗ്ലറും—ഇവരുടെയൊക്കെ വിരുദ്ധ പ്രവാഹങ്ങൾക്കിടയിൽകൂടി ആധുനിക ബംഗാളി സാഹിത്യം വിഭിന്ന ദിശകളിലേക്കു ആകർഷിക്കപ്പെട്ട് അനിശ്ചിതമായ ഒരു ഗതി പിൻതുടർന്നുപോന്നു.

പക്ഷെ പടിഞ്ഞാറിന്റെ സ്വാധീനത ഏററവും കൂടുതൽ പ്രകടമായിരുന്നത് ബംഗാളിയുടെ വേഷത്തിലോ സ്വീകരണമുറിയിലോ ആയിരുന്നില്ല, അവന്റെ മന

സ്സിൽത്തന്നെ ആയിരുന്നു. ആ സ്വാധീനത ഒരിക്കലും തീരെ ഇണങ്ങിച്ചേരാത്ത തരത്തിലുള്ള ഒന്നായിരുന്നില്ല. പലപ്പോഴും, പടിഞ്ഞാറിനെപ്പററിയുള്ള ബോധം കൂടുതൽ അഗാധമാണെങ്കിൽ അയാറം കൂടുതൽ ബംഗാളിയായിത്തീരുകയും ഈ ഇണങ്ങിച്ചേരൽ കൂടുതൽ ഗാഢമായിവരികയും ചെയ്തിരുന്നു. ഉദാഹരണമായി, സുധീന്ദ്രനാഥദത്ത അഗാധമായ സംസ്കൃതസാഹിത്യജ്ഞാനവും പ്രേമവും ററി. എസ്. എലിയററ്, ബോദ്ലെയർ, പോറം വലേറി എന്നിവരുമായി പൂർണ്ണമായി ഇണക്കിച്ചേർത്ത് അതിസൂക്ഷ്മമായ ഒരു ഗദ്യശൈലി മാത്രമല്ല, സ്വന്തമായ ഒരു മാനസികവീക്ഷണവും സൃഷ്ടിച്ചെടുത്തു. ഈ സംശ്ലേഷണക്രിയ അത്ര അപൂർവമായ ഒന്നായിരുന്നില്ല. കാരണം, ആ തലമുറയിലെ എല്ലാ എഴുത്തുകാരും അത്തരമൊരു സംശ്ലേഷണക്രിയ നടത്തിയിരുന്നു; പക്ഷെ ഓരോ സംശ്ലേഷണത്തിലെയും രാസക്രിയയുടെ പ്രത്യേക സ്വഭാവം അനുസരിച്ചായിരുന്നു അതിന്റെ അപൂർവത.

ആജീവനാന്തം നീണ്ടുനിന്ന തന്റെ ആംഗലസാഹിത്യസപര്യ ജീബനാനന്ദ ദാസിന് സ്വന്തം മാതൃഭൂമിയെക്കുറിച്ച് ഏതു സാഹിത്യത്തിലും ഉണ്ടായിട്ടുള്ളവയിൽ വച്ച് ഏററവും ഹൃദയസ്പർശിയും ഏററവും വ്യക്തിപരവും ആയ കവിതകറം എഴുതുന്നതിന് തടസ്സമായിരുന്നില്ല. ബംഗാളിജീവിതത്തെയും ബംഗാളി ഭൂപ്രകൃതിയെയും കുറിച്ചുള്ള അതീവ ഹൃദ്യമായ വിശദാംശങ്ങറം ഉറംക്കൊള്ളുന്നതുകൊണ്ട് ഈ കവിതകറം അദ്ദേഹത്തിന്റെ കൃതികളിൽ വച്ച് ഏററവും വിവർത്തനക്ഷമത കുറഞ്ഞവയാണ് (''ഒരു ദിവസം ഞാൻ തിരിച്ചുവരും'' എന്ന ഒരു കവിത മാത്രമാണ് രൂപോസി ബംഗ്ലാ എന്ന സമാഹാരത്തിൽനിന്ന് എടുക്കാൻ ഞാൻ ധൈര്യപ്പെട്ടത്).

യുദ്ധകാലത്ത് ഒരു ഫാസിസ്റ്റ്വിരുദ്ധ സാഹിത്യകലാകാരസംഘടനയായി ആരംഭിച്ച്, യുദ്ധാനന്തരം പുരോഗമനസാഹിത്യകലാസംഘടനയായി മാറി അമ്പതുകളിൽ ആധിപത്യം നിലനിർത്തിയ ഒരു പ്രസ്ഥാനത്തിന്റെ കേന്ദ്രമായിരുന്ന 46 ധർമതലത്തെരുവിന്റെ സാംസ്കാരികതത്വശാസ്ത്രം ബംഗാളിസാഹിത്യത്തിന്റെ മുൻനിര

യിൽ സ്വാധീനത ചെലുത്തിയിരുന്ന കാലത്താണ് ജീബനാനന്ദന്റെ ഏറ്റവും ഫലപുഷ്ടമായ ജീവിതഘട്ടം ആരംഭിക്കുന്നത്.

അക്കാലത്തെ യുവപ്രതിഭ മുഴുവനും തടിച്ചുകൂടിയ ആവേശഭരിതമായ ആ പരിസരത്തിൽനിന്നു പ്രസരിച്ച പ്രഭാവം സ്വാഭാവികമായും ജനങ്ങളുമായുള്ള ഐക്യബോധത്തിലേക്കും അവരുടെ അന്തിമമായ വിജയത്തിലുള്ള വിശ്വാസത്തിലേക്കും വഴിതെളിക്കുന്നതായിരുന്നു. ആ സമയത്ത് മററുവിധത്തിൽ എഴുതുന്നത് പലായനവാദി എന്ന കുററപ്പെടുത്തലിനെ ക്ഷണിച്ചുവരുത്തുകയുമായിരുന്നു. സത്യത്തിൽ ജീബനാനന്ദ് ചെയ്തത് അതുതന്നെയാണ്. പക്ഷെ അധിശശക്തിയുമായുള്ള അനായാസമായ വിശ്വാസച്ചേർച്ചയ്ക്കുവേണ്ടി തന്റെ വിധികല്പിതമാർഗത്തിൽ നിന്ന് ഒരു നിമിഷംപോലും അദ്ദേഹം വ്യതിചലിച്ചിരുന്നില്ല. ഇത് ഒരു പ്രധാന കാര്യമാണ്. കാരണം, ബംഗാളിസാഹിത്യത്തിലെ ആദ്യകാല ഇടതുപക്ഷവാദം കവിത എഴുതുകയും വായിക്കുകയും ചെയ്യുന്ന ആംഗലവിദ്യാഭ്യസ്തരായ മധ്യവർഗവും രായ്ക്കുരാമാനം അവരുടെ മുഖ്യരചനാപ്രമേയമായി മാറിയ അനഭ്യസ്തരുടെ വൻപിച്ച സമൂഹവും തമ്മിലുള്ള വിടവിന്റെ യാഥാർത്ഥ്യത്തെപ്പററി വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല.

അതിന്റെ ഫലമായ സംഘർഷം പെട്ടെന്നുതന്നെ പലരൂപത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. നമ്മുടെ നാഗരിക ജീവിതത്തിന്റെ ഹീനതയെക്കുറിച്ചുള്ള സമർസെന്നിന്റെ വ്യാകുലത, അനുഷ്ഠാനംപോലെ ആവർത്തിച്ചുകൊണ്ടിരുന്ന, ജനങ്ങളുടെ വിജയത്തിലുള്ള വിശ്വാസപ്രഖ്യാപനത്തെക്കാൾ വിശ്വസനീയമായിരുന്നു. ഇക്കാര്യം നല്ലവണ്ണം മനസ്സിലായതുകൊണ്ട് കവിതയെഴുത്തുതന്നെ അദ്ദേഹം നിർത്തിക്കളഞ്ഞു. സന്ദർഭാനുസൃതമായ പതാകാവന്ദനത്തിലുള്ള വിശ്വാസത്തിലെക്കാൾ കൂടുതലായി ബിഷ്ണുദേയുടെ സൂക്ഷ്മസംവേദനത്വം കാണാൻ കഴിഞ്ഞത് അദ്ദേഹത്തിനു മനുഷ്യവർഗ്ഗത്തോടു പൊതുവിലുള്ള ആദരവിലും അധ്വാനിക്കുന്ന ജനസമൂഹത്തോടുള്ള സഹാനുഭൂതിയിലുമായിരുന്നു. മാർക്സിസ്റ്റുകാർ

''വർഗസ്വഭാവ''മെന്നു വിശേഷിപ്പിക്കുന്ന കാര്യങ്ങൾ ഒക്കെ ഉപേക്ഷിക്കുന്നതിൽ കവികൾ പരാജയമടഞ്ഞു. ആ കാലഘട്ടത്തിലേക്കു തിരിഞ്ഞു നോക്കിയാൽ ഒരു പക്ഷെ സുഭാഷ് മുഖോപാധ്യായയുടെയും സുകാന്ത് ഭട്ടാചാര്യയുടെയും ഒരു പിടി കവിതകളിലും സാമൂഹികാവസ്ഥയെ കുറിച്ച് കൂടുതലായി ലഭിച്ച അവബോധത്തിലും ഒഴിച്ച് എവിടെയെങ്കിലും മുൻവരികളിലെ എലിയററു മാതൃകയിലുള്ള നൈരാശ്യത്തെ സാധൂകരിക്കുന്ന അന്തിമ സമ്മതത്തിലേക്കു സ്വയം മാസ്മരികമായി നയിക്കുന്ന ഒരു അററകൈ പ്രയോഗം എന്നതിൽ കവിഞ്ഞ് മുന്നോട്ടു പോകാൻ 46 ധർമതല തെരുവിന്റെ സാഹിത്യതത്വശാസ്ത്രത്തിന് കഴിഞ്ഞോ എന്നത് സംശയഗ്രസ്തമാണ്.

മറിച്ച് തങ്ങളായിത്തന്നെ നിന്നുകൊണ്ട് ജനങ്ങളുടെ ഭാഗധേയവുമായി അത്ര വ്യക്തമല്ലാത്ത ഒരു ബന്ധം സ്ഥാപിച്ചവരുടെ മറച്ചുവയ്ക്കാത്ത ഗൃഹാതുരത്വം നിറഞ്ഞ കൃതികളിലാണ് ഈ താദാത്മ്യം പുഷ്പിച്ചത്. ഇടതുപക്ഷ സാഹിത്യകാരൻമാരുടെ ബോധപൂർവമുള്ള പരിശ്രമങ്ങളിലെക്കാൾ കൂടുതൽ ഗാഢമായ വ്യക്തിത്വബോധം ബിഭൂതിഭൂഷണ ബന്ദോപാധ്യായയിൽ കാണാം. വൃക്ഷലതാദികളെയും നദികളെയും ഋതുക്കളെയും വിളവുകളെയും നിത്യവൃത്തികളിൽ മുഴുകിയ സാധാരണക്കാരുടെ പെരുമാററങ്ങളെയും എല്ലാം സംബന്ധിച്ച് ജീബനാനന്ദിന് ഉണ്ടായിരുന്ന അറിവ് ബിഭൂതിഭൂഷണനുള്ളത്ര തന്നെ ഗാഢമായിരുന്നു. (സത്യജിത് റേയുടെ അപ്പു ത്രിതയത്തിൽകൂടി ഇന്ത്യൻ സിനിമയിൽ ഈ ഐക്യബോധത്തിനുള്ള ത്വരയെ പ്രചോദിപ്പിച്ചത് അദ്ദേഹത്തിന്റെ നോവലുകൾ ആയിരുന്നല്ലോ.) — എന്നാൽ ബോധപൂർവ്വമായ ഇടതുപക്ഷച്ചായ്‌വുകൾ കൂടാതെതന്നെ. ഒരു പക്ഷെ ഈ രണ്ടു പേരുടെയും കൂടെ പറയേണ്ടതാണ് ജാമിനി റോയ് എന്ന ചിത്രകാരന്റെ സുവ്യക്തമായ ഗൃഹാതുരത്വവും. അദ്ദേഹത്തിന്റെ കൃതികളുടെ പ്രഗല്ഭനായ വ്യാഖ്യാതാവാണ് ബിഷ്ണുദേ.

ബംഗാളി കവിതയിലെ രബീന്ദ്രോത്തരയുഗം പരിപൂർണസാഫല്യം കണ്ടെത്തിയത് ജീബനാനന്ദ ദാസിലാ

ണെന്ന് ഇന്നു ബംഗാളിൽ പരക്കെ സമ്മതമായ കാര്യമാണ്. ക്ഷീണിതമായ ഒരു തലമുറയുടെ മേൽ വീണു മൂടിയ ദേശാഭിമാനത്തോടെ നസ്രുൾ ഇസ്ലാം പാടി; സംസ്കൃതത്തിലേക്ക് ആഴത്തിൽ കടന്നുചെന്ന് സൂക്ഷ്മമായ ആവിഷ്കരണത്തിനുതകുന്ന ദൃഢരേഖകൾ സൃഷ്ടിക്കാൻ ആവശ്യമായ ഒരു പുതിയ സമന്വയം സാധിച്ചു സുധീന്ദ്രനാഥദത്ത; അരഗോണിന്റെയും എലുവാറിന്റെയും കവിതയിലെ സന്ദിഗ്ദ്ധതയും മാർദ്ദവവും വികാരോഷ്മളതയും തീക്ഷ്ണവും ബുദ്ധിപരവുമായ ആത്മബോധത്തോടു കൂട്ടിയിണക്കി ബിഷ്ണുദേ; ആനന്ദമൂർച്ഛയിൽ എല്ലാം മറന്ന് ഇന്ദ്രിയങ്ങളിൽ പുളകം തേടി ബുദ്ധദേവ ബോസ്; സാധാരണ ജനങ്ങളെയും വിദൂര ദേശങ്ങളെയും പൊതുവിൽ വിശാലമായി ധ്വനിപ്പിക്കുന്ന കാൽപനിക ശ്രുതിയാണ് ഭ്രപ്രമേന്ദ്ര മിത്ര മീട്ടിയത്; ആധുനികമായ ശൈലിയും വൻപിച്ച താളപ്രയോഗ നൈപുണ്യവും കൊണ്ടാണ് അമിയ ചക്രവർത്തി മുന്നോട്ടു വന്നത്; സുധീന്ദ്രനാഥിനെപ്പോലെ അജിത് ദത്തയും ഭാരതീയവും സമകാലികവും തമ്മിലുള്ള സമന്വയത്തിന്റെ സ്വന്തമായ മാതൃക കണ്ടുപിടിച്ച് രൂപശിൽപത്തിൽ പേശീദാർഢ്യമുള്ള കൃശതയും ആവിഷ്കരണ സൂക്ഷ്മതയും തേടുകയാണ് ചെയ്തത്. ഓരോ കവിയും തന്റേതായ സംഭാവന നൽകി ശ്രദ്ധ പിടിച്ചുപററി. പക്ഷെ അവരിലാരെങ്കിലും ജീബനാനന്ദദാസിന്റെ കവിതയുടെ മൗലികതയും ശക്തിയും വികാരതീവ്രതയും കാണിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഏതായാലും ഇന്നത്തെ ബംഗാളി കവികളുടെ യുവതലമുറയെ സംബന്ധിച്ചേടത്തോളം ടാഗൂറിന്റെ സ്ഥാനംതന്നെ അദ്ദേഹം സത്യത്തിൽ കയ്യടക്കിയിരിക്കയാണ്. അവരുടെ മേലുള്ള അദ്ദേഹത്തിന്റെ സ്വാധീനത സർവ വ്യാപകമാണ്. ഒരു വ്യത്യാസം മാത്രം: കവിതയ്ക്കു വെളിയിലേക്ക് അത് കടക്കുന്നില്ല.

# 2. വ്യക്തി

കവിതയുടെ മണ്ഡലത്തിനു വെളിയിൽ ജീബനാനന്ദദാസ് ഒരിക്കലും ജീവിച്ചിരുന്നില്ല. ചില ചെറുകഥകളും ഉപന്യാസങ്ങളും നോവലുകൾതന്നെയും അദ്ദേഹം എഴുതിയിട്ടുണ്ടെങ്കിലും കവിതയാണ് അദ്ദേഹത്തിന്റെ സത്തയിൽ നിറഞ്ഞുനിന്നിരുന്നത്. കലാസ്വാദനത്തിലും പ്രയോഗത്തിലും ടാഗൂർ മട്ടിലുള്ള ഐക്യം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം താൻ വസ്ത്രം ധരിക്കുന്ന രീതിയും എഴുതുന്ന കവിതയും തമ്മിലോ തന്റെ രചനാശൈലിയും താമസിക്കുന്ന വീടിന്റെ കെട്ടും മട്ടും തമ്മിലോ ഉണ്ടായിരുന്നില്ല. പ്രതീതിയും യാഥാർത്ഥ്യവും തമ്മിലും ഭാവനാജീവിതവും സാമൂഹിക പരിതസ്ഥിതിയിലെ ജീവിതവും തമ്മിലും യാതൊരു സമന്വയവും ഇവിടെ ഇല്ല. താൻ ജനിച്ചുവളർന്ന കിഴക്കൻ ബറിസാലിലെ ഗ്രാമീണാന്തരീക്ഷത്തിലായാലും പിൽക്കാലജീവിതം ചെലവഴിച്ച കൽക്കത്തയിലായാലും അദ്ദേഹം ഭാവനാജീവിതംതന്നെ തീവ്രമായി, നിസ്തന്ദ്രമായി ജീവിച്ചു. ചുററുപാടുമുളള ജീവിതത്തിന്റെ സാന്ദ്രസാന്നിധ്യത്തിൽനിന്നു നീക്കുപോക്കില്ലാത്തവിധം പിൻമാറിയിരുന്നപ്പോഴും അദ്ദേഹം ആ ജീവിതത്തിന്റെ സൂക്ഷ്മനിരീക്ഷകൻതന്നെ ആയിരുന്നു. പക്ഷെ അതിൽ അദ്ദേഹത്തിന്റെ സജീവ പങ്കാളിത്തം തന്റെ കൃതിയിലൂടെ മാത്രമായിരുന്നു. അദ്ദേഹം കവി മാത്രമായിരുന്നു എന്നല്ല, കവിയല്ലാതൊന്നുമായിരുന്നില്ലതാനും.

ഒരു ലേഖനത്തിൽ അദ്ദേഹംതന്നെ പറയുന്നു:

"ഒരാൾ കവിയാണെങ്കിൽ പിന്നെ കവിത എന്ന ആദ്യ സംഭാവനപോലെ അസുലഭമായ ഒരു രണ്ടാം സംഭാവന നിത്യജീവിതത്തിന്റേതായ ലോകത്തിനുംകൂടി നൽകാൻ അയാൾക്കു കഴിവുണ്ടാകയില്ല."

ദുഃഖകരമായ സംഭവമാണെന്നിരിക്കിലും അത്തരം ഒരു മനുഷ്യൻ ഒരു ട്രാംകാറിനടിയിൽപ്പെട്ടു മരണമടഞ്ഞത്

കാവ്യനീതിയില്ലാത്ത കാര്യമാണെന്നു പറഞ്ഞുകൂടാ. മരണത്തിനു മുൻപുതന്നെ, വിഷാദാത്മകത്വം അദ്ദേഹത്തിന്റെ ജീവിതത്തെ ആവേശിച്ചുകഴിഞ്ഞിരുന്നു. തീക്ഷ്ണമായ ജീവിതാഭിമുഖ്യമുള്ള ഊഷ്മളഹൃദയനായ ഒരു വ്യക്തി—അതായിരുന്നു അദ്ദേഹമെങ്കിലും ജനങ്ങൾ അതിനു തികച്ചും വിരുദ്ധമായ ഒരു രീതിയിലാണ് അദ്ദേഹത്തെപ്പററി ധാരണ പുലർത്തിയത്. സജനികാന്ത ദാസിനെപ്പോലെയുള്ള പാരമ്പര്യവാദികൾ മാത്രമല്ല (ശനിബാരേർ ചിട്ടി: ശനിയാഴ്ചക്കത്ത് എന്ന പത്രികയുടെ എല്ലാ ലക്കങ്ങളിലും അദ്ദേഹം ജീബനാനന്ദിനെ ഭർൽസിച്ചുപോന്നു), ആധുനികത്വം അവകാശപ്പെടുന്ന അനേകം പേരുടെയും പരിഹാസത്തിനു ശരവ്യമായിരുന്നു അദ്ദേഹം. വളരെക്കാലം ആസ്തികരായിക്കഴിഞ്ഞ ഒരു ബ്രഹ്മസമാജകുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. അച്ഛൻ മഹാ പണ്ഡിതനായ ഒരു സ്കൂൾ അധ്യാപകനും അമ്മ കവയിത്രിയും ആയിരുന്നു—കുറെക്കാലം അദ്ദേഹം കൽക്കത്തയിലെ ബ്രഹ്മസമാജാധീനതയിലുള്ള സിററി കോളേജിൽ ഇംഗ്ലീഷ് സാഹിത്യം പഠിപ്പിക്കയും ചെയ്തു. ഒരു കവിതയിൽ വനിതാവക്ഷോജങ്ങളുടെ മഹിമയെപ്പററി സൂചിപ്പിച്ചതുമൂലം യാഥാസ്ഥിതികരായ അധികാരികൾ അദ്ദേഹത്തെ ആ ജോലിയിൽനിന്നു പിരിച്ചുവിട്ടതായി പറയപ്പെടുന്നു. ആരാണ് ഈ ബനലതാസെൻ എന്നും വിവാഹിതനായ അദ്ദേഹം എന്തിനിങ്ങനെ മറെറാരു സ്ത്രീയുമായി ബന്ധം പുലർത്തണമെന്നും അദ്ദേഹത്തിന്റെ കുടുംബക്കാർ തന്നെ ചോദിച്ചതായും മറെറാരു കഥയുണ്ട്. കഥകൾ സത്യമായാലും ഇല്ലെങ്കിലും അദ്ദേഹത്തെയും ആ കാലഘട്ടത്തെയും സംബന്ധിച്ച പ്രസക്തമായ കാര്യങ്ങൾ അവ ഉദാഹരിക്കുന്നു. ജീവിതകാലം മുഴുവനും തന്നെ ഇംഗ്ലീഷ് സാഹിത്യാധ്യാപകനായിരുന്ന അദ്ദേഹം പിൽക്കാലത്ത് കാലയാപനത്തിനുവേണ്ടി ഇൻഷുറൻസ് വിൽക്കുകയുണ്ടായി—അപ്പോഴേക്കും അദ്ദേഹത്തിന്റെ കവിത ഒരു നിലവാരത്തിലെത്തിക്കൊണ്ടിരിക്കയുമായിരുന്നു.

മററുള്ളവരുമായുള്ള ഇടപാടുകളിൽ ആശയവിനിമയം തന്നെ അദ്ദേഹത്തിനു വിഷമകരമായിരുന്നു. ആരാധകനായ ബുദ്ധദേവബോസ്തന്നെ അതു സ്ഥിരീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ മുഖം വാസ്തവത്തിൽ ആർക്കും മാററാൻ വയ്യാത്ത ഒരു പൊയ്മുഖംകൊണ്ടു മറഞ്ഞിരുന്നു കൂടുതൽ സമയവും. ജനങ്ങൾ അദ്ദേഹത്തെ തെററിദ്ധരിച്ചുപോയതിൽ അദ്ഭുതത്തിനവകാശമില്ല. പ്രശാന്തമായ ഐക്യത്തിൻെറയും സർവംകഷമായ സമന്വയത്തിൻെറയും ടാഗൂർ മാതൃകയിൽനിന്ന് വളരെ അകലെയായിരുന്നു അദ്ദേഹത്തിൻെറ ജീവിതം എന്നു തീർച്ചയാണ്. അതിൻെറ സംഘർഷങ്ങളിലും അന്യവൽക്കരണങ്ങളിലും ദുഃഖനിഗൂഢതയിലും അവിശ്വാസത്തിലും മോഹഭംഗത്തിലുമെല്ലാം അന്നത്തെ കാലഘട്ടത്തിൻെറ സ്വഭാവമുൾക്കൊള്ളുന്നതായിരുന്നു അത്. ജീവിതത്തിലെന്നപോലെ കൃതികളിലും അദ്ദേഹം രബീന്ദ്രോത്തരയുഗത്തിൻെറ ആളായിരുന്നു.

## 3. കവി

എങ്ങുപോയിരുന്നിക്കാലമത്രയും എന്ന് അവൾ
ചോദിച്ചു—
നാട്ടോരിലെ ബനലതാസെൻ.
അവളുടെ കിളിക്കൂടൻ കണ്ണുകൾകൊണ്ടതിൽ
കൂടുതലും.

ബിംബകൽപനയുടെ അപൂർവത ജീബനാനന്ദ ദാസിൻെറ ശ്രദ്ധേയമായ കവിതയുടെ ഒരു ഭാവം മാത്രമാണ്. എങ്കിലും അദ്ദേഹത്തിൻെറ സ്വന്തം ഭാഷയിലല്ലാതെ മറേറതെങ്കിലും ഭാഷയിൽ അദ്ദേഹത്തെക്കുറിച്ചെഴുതുമ്പോൾ ആരംഭിക്കാൻ പററിയ വിഷയമതാണ്. കാരണം, പരിഭാ

ഷയിൽപോലും ആ ബിംബകൽപനകളുടെ വ്യക്തിത്വവും ശക്തിയും നിലനിൽക്കുന്നുണ്ട്. കൂടാതെ, പരിഭാഷയിൽ അദ്ദേഹത്തിന്റെ കവിതയുടെ സവിശേഷതയായ, ഏററവും പരമ്പരാഗതമായതും ഏററവും സമകാലീനമായതും തമ്മിലുള്ള വിജയകരമായ സമന്വയത്തെപ്പററി ഒരു ബോധം തരുന്നതും ഈ ബിംബകൽപനകളാണ്. വാസ്തവത്തിൽ ജീബനാനന്ദദാസിനെ മനസ്സിലാക്കാനുള്ള താക്കോലാണത്. സംസ്കൃത സാഹിത്യ സങ്കേതങ്ങളിൽനിന്നും അലങ്കാരങ്ങളിൽനിന്നും ടാഗൂർ എടുത്തവയെക്കാരം—പലപ്പോഴും അദ്ദേഹത്തിന്റെ കവിതയെ പരിഭാഷയിൽ തിരിച്ചറിയാൻ കഴിയാത്തതും അതിസാധാരണവും ആക്കിക്കളഞ്ഞിരുന്നു അവ—ജീബനാനന്ദിന്റെ ബിംബങ്ങളും ശൈലിയും കൂടുതൽ വ്യക്തിത്വമാർന്നവയാണ്. കൂടുതൽ സൂക്ഷ്മവേദിയും 'കാവ്യാ'ലങ്കാരങ്ങളിൽ സ്വതന്ത്രനുമായിരുന്നു അദ്ദേഹം. അത്യസുന്ദരമായതിനെ കണ്ടുപോലും പിൻമാറിക്കളയുകയില്ല. ബുദ്ധദേവബോസ്, ബിഷ്ണുദേ എന്നിവരെപ്പോലെ ടാഗൂറിനെതിരായി ബോധപൂർവ്വം പ്രതിഷേധിച്ചവർപോലും സാമാന്യവാക്യഘടനയിലും യഥാതഥ ഭാഷാപ്രയോഗരീതിയിലും ടാഗൂറിനോട് കൂടുതൽ അടുത്തവരാണ്. ജീബനാനന്ദിന്റെ കാര്യത്തിൽ, ഒരു വൃക്ഷം ഒരു വർഗപ്രതീകം മാത്രമല്ല; അതിന്റെ പേരു ശ്രദ്ധിക്കപ്പെടണം. പലപ്പോഴും പദങ്ങളെ അവയുടെ സാധാരണ പ്രയോഗങ്ങളിൽനിന്ന് അടർത്തിയെടുക്കുന്നതുകൊണ്ട് ഒരു സർറിയലിസ്റ്റ്ശക്തി പ്രകടമായിരുന്നു. സങ്കീർണമായ അപവാദ്യകളും വക്രോക്തികളുംകൊണ്ടാണ് വാക്യങ്ങരം നിർമിക്കപ്പെട്ടിരിക്കുന്നത്. "മരണത്തിനുമുൻപ് വേറെ എന്ത്?" എന്ന കവിതയിൽ ജീബനാനന്ദദാസിന്റെ ബിംബകൽപനാപരിധിയുടെ ഒരററം കാണാം. ആ കവിത വ്യക്തിഗതമായ അനുഭവം പെട്ടെന്ന് ഭാവനയുടെ ചിറകു വിടർത്തുന്ന ദൃശ്യവും ശ്രവ്യവുമായ സങ്കീർണ ചിത്രങ്ങരംകൊണ്ടു നിറഞ്ഞുകവിഞ്ഞതാണ്. അഥവാ, അസാധാരണമായ ശക്തിവിശേഷമുള്ള മിശ്രരൂപകങ്ങളും മാററിയിട്ട വിശേഷണങ്ങളും തമ്മിൽ വല്ലാതെ കെട്ടുപിണഞ്ഞു കിടക്കുകയാണെന്നു പറയാം.

"മൂടൽ മഞ്ഞിൻ പൂക്കൾ വിതറുന്ന ആററുതീരത്തെ
മങ്ങിയ സ്ത്രീകൾ".

...

"ഏകാന്തമൽസ്യത്തിൻെറ കണ്ണുകളിലേക്ക്
തിരയടിച്ചു കേററുന്ന നനഞ്ഞ ചോററുമണം"

...

"മേഞ്ഞ കൂരയുടെ നിഴൽ നിലാമുററത്തു
കൊത്തിവച്ചു".

...

"ലോകസുന്ദരിമാർ സുഗന്ധധൂമശരീരങ്ങളിൽ
ഇഴഞ്ഞുകയറുന്നിടത്തെ നിശ്ചലദീപ്തി".

പ്രകൃതിനിരീക്ഷണത്തിലുള്ള സൂക്ഷ്മതകൊണ്ടും വ്യക്തതകൊണ്ടും കവിതയുടെ ചിന്താധാരയിൽ അലി ഞ്ഞിറങ്ങുന്നതിലുള്ള അനായാസതകൊണ്ടും ശ്രദ്ധേയമാണ് ഈ ബിംബങ്ങൾ. അവസാനഖണ്ഡത്തിൽ ഇക്കാര്യം തെളിഞ്ഞുകാണാം.

മരണത്തിനുമുൻപ് നമുക്ക് വേറെ എന്തറിയണം? ഓരോ ചെമന്ന അഭിലാഷത്തിൻെറയും വക്കിൽ മരണത്തിൻെറ പാണ്ഡുരമുഖം ഒരു ഭിത്തികണക്കുയരുന്നതു നമുക്കറിഞ്ഞുകൂടേ? ഭൂമിയുടെ സ്വർണ്ണവും സ്വപ്നങ്ങളും പ്രശാന്തമായ സന്തുലനത്തിൽ ചെന്നെത്തി മായികമായ ഒരാവശ്യത്തെ അവസാനിപ്പിക്കുന്നു. നമുക്ക് വേറെ എന്തറിയണം?

സൂര്യൻ മരിക്കുമ്പോൾ പക്ഷികൾ നിലവിളിക്കു
ന്നത് നാം കേട്ടിട്ടില്ലേ?
മൂടൽ മഞ്ഞിൽ കാക്ക കുറുകെ പറക്കുന്നതു നാം ക
ണ്ടിട്ടുമില്ലേ?

ജീബനാനന്ദ് ബിംബങ്ങൾ മേലെ മേലെയടുക്കി കവിതയുടെ ഭൂരിഭാഗത്തും ഉദ്ദിഷ്ട ശക്തി ക്രമേണ കെട്ടിപ്പടുത്ത് പെട്ടെന്ന് അതിൻെറ പരിസമാപ്തിയിലെത്തുന്ന രീതി കൂടുതൽ നാടകീയമായി കാണുന്ന ഒരു കവിതയാണ് "ശവം". (ഇപ്പോൾ ബംഗ്ളാദേശിൽപ്പെടുന്ന ബറിസാലിൽ) പ്രകൃതിയുമായി തൊട്ടടുത്തു ജീവിക്കുകയും

ശ്രദ്ധാപൂർവ്വം നിരീക്ഷണം നടത്തുകയും ചെയ്തിട്ടുള്ള ഒരു കവി അതിസൂക്ഷ്മമായി നെയ്തെടുത്തിട്ടുള്ളവയാണ് ഈ ബിംബങ്ങൾ. നേരിട്ടുള്ള വസ്തു പരിചയമില്ലാത്ത ഒരാൾക്ക് അതിശയനീയമാംവിധം ലളിതവും അക്ഷരാർത്ഥത്തിലുള്ളവയുമാണ് ചില ബിംബങ്ങൾ. ഉദാഹരണത്തിന്, ''ഹേ പരുന്തേ'' എന്ന കവിതയിൽ കണ്ണുകളെ കരിമ്പിൻകായ്കളോട് താരതമ്യപ്പെടുത്തിയിരിക്കുന്നത് തികച്ചും അക്ഷരാർത്ഥത്തിലാണ്. കാരണം, സത്യത്തിൽ, രണ്ടുംകണ്ടാൽ ഒരുപോലെതന്നെ.

ഇതിൽനിന്നു വളരെ വ്യത്യസ്തമായ ഒരു കവിതയാണ് ''ഉല്ലാസവേള'', തികച്ചും നാഗരികം, നർമ്മമയം, കുസൃതിയും വൈരാഗ്യവും നിറഞ്ഞതത്.

ബെൻറിംഗ് സ്ട്രീററ് നദീതീരത്ത്
ഭൗതികസമ്പത്തു വിരലിലെണ്ണിയിരിക്കുമ്പോൾ
ഒരു നാസാഗ്രത്തിൽനിന്നു മറെറാന്നിലേക്കു ചാടുന്ന
കൊതുകിന്റെ ക്ഷാത്രമുണർത്തുന്നു ഈ പതയുന്ന പദങ്ങൾ.

എങ്കിലും ഈ ലാഘവതവും, എല്ലായ്പോഴുമെന്നപോലെ, ഗൗരവപൂർണ്ണമായ ഒരു പ്രസ്താവത്തെ താങ്ങിനിർത്തുന്നു:

ഇപ്പോൾ അവർ പറക്കും നദിയുടെ നാട്ടിലേക്കു പുറപ്പെടും.
അവിടെ ബന്ധപിടിച്ച കുരങ്ങും ഒടിഞ്ഞ എല്ലും കൂടി
വെള്ളത്തിന്റെ വക്കിൽവന്നിരുന്ന്
ഛായനോക്കിയാലോചിച്ചുകൊണ്ടിരിക്കും
ആലോചിക്കാൻ സമയമുള്ള കാലത്തോളം.

മൂന്നാമത്തൊരുതരം ബിംബവിധാനം കാണുന്നത് ആംഗലശൈലിയിൽനിന്നുതന്നെ ലഭിച്ചതാണ്.

''മരണക്കുറിപ്പ്''' (ഇവിടെ കിടക്കുന്നു സരോജിനി) എന്ന കവിതയുടെ മൂലം ഞാൻ ആദ്യമായി വായിച്ചപ്പോൾ ആദ്യത്തെ രണ്ടു വരികളുടെ അർത്ഥമെന്തെന്നു കണ്ടുപിടിക്കാൻ കുറച്ചുസമയം വേണ്ടിവന്നു. പക്ഷെ ഇംഗ്ലീഷിലേ

ക്കു വിവർത്തനം ചെയ്തപ്പോൾ അർത്ഥം മുന്നോട്ടു കുതിച്ചുവന്നു. മൂലത്തിലെ വരികൾ വിവർത്തനമാണെന്നു തോന്നിച്ചു.

> ഇവിടെകിടക്കുന്നു സരോജിനി; (എനിക്കറിഞ്ഞുകൂടാ അവൾ ഇപ്പോഴും ഇവിടെയുണ്ടോ എന്ന്) അവൾ ഏറെനാളായി ഇവിടെ കിടക്കുന്നു.

ബംഗാളിയിൽ ആദ്യത്തെപ്പദം ഒരു ശവപ്പറമ്പിനെ ഓർമ്മിപ്പിക്കുന്നതേയില്ല. കിടക്കയിൽ കിടക്കുന്ന ജീവനുള്ള ഒരു സ്ത്രീയെ കുറിച്ചാണു കവി പരാമർശിക്കുന്നതെന്നു തോന്നിപ്പോകും. പിന്നെ രണ്ടാംവരിയുടെ ഒടുവിൽ കവിയുടെ അർത്ഥം നാം ഊഹിച്ചെടുക്കുന്നു, ''ഇവിടെ കിടക്കുന്നു...''എന്ന ഇംഗ്ലീഷ് സ്മാരകശിലാ വാക്യം അക്ഷരം പ്രതി പകർത്തിവച്ചതുകൊണ്ടുള്ള ഞെട്ടലോടുകൂടിത്തന്നെ. അതുപോലെ ''പുള്ള്'' എന്ന കവിത, അതേ സങ്കേതമുപയോഗിക്കുന്നില്ല എങ്കിലും പടിഞ്ഞാറൻ സാഹിത്യത്തിൽ കൂടുതൽ പരിചിതമായ ഒരു ചിന്താമണ്ഡലംപെട്ടെന്നു ധ്വനിപ്പിക്കുന്നു. വർണ്ണനയുടെ തലത്തിൽനിന്ന് പെട്ടെന്നു ചിന്ത വിശ്വവ്യാപ്തിയിലേക്കു പറന്നുയരുന്ന രീതിയിലും ഈ രണ്ടു കവിതകൾ തമ്മിൽ സാദൃശ്യം ഉണ്ട്. ഉദാഹരണത്തിന്, ''മരണക്കുറിപ്പി''ന്റെ ഒടുവിൽ:

> വരണ്ട ഒരു കുങ്കുമദീപ്തി ആകാശത്തുറങ്ങുന്നു.
> അദൃശ്യമായ ഒരു പുള്ളയെപ്പോലെ
> അതിന്റെ മുഖത്തിരിക്കുന്നു പൊള്ളയായ
> കൗശലത്തിന്റെ
> പരുക്കനായ പുഞ്ചിരി.

മേൽപറഞ്ഞതിലെല്ലാംതന്നെ ബിംബവിധാനവുമായി ബന്ധിക്കാവുന്ന ഒരനുഭവമൂലരൂപമുണ്ട്—പ്രകൃതി, നാഗരികസമൂഹം, പാശ്ചാത്യസാഹിത്യം. പക്ഷെ ചരിത്രപരമായ ബിംബവിധാനം കവിക്കു ബാഹ്യമായ ഒന്നിൽനിന്നും ഉരുത്തിരിഞ്ഞവയല്ല; എങ്കിലും അദ്ദേഹത്തിന്റെ കൃതിയിലെ ഏറ്റവും ശക്തമായ, ഏറ്റവും കൂടുതൽ ആവർത്തിക്കുന്ന ഒരു വിഷയമാണ്. അദ്ദേഹത്തിന്റെ

ഏററവും പ്രശസ്തമായ ഒററക്കവിത "ബനലതാസെ" ന്നിൽ ആരംഭം മുതൽക്കേ അതു കാണാൻ കഴിയും:

യുഗങ്ങളായി ഈ ഭൂപഥങ്ങളിൽ ഞാനലഞ്ഞു
നടന്നിട്ടുണ്ട്.
ലങ്കാസമുദ്രം മുതൽ മലയാജലസന്ധിവരെ
അനന്തമായ രാത്രിയിൽ ഏകനായി ഞാൻ
സഞ്ചരിച്ചിട്ടുണ്ട്
കാലത്തിന്റെ ഇരുണ്ട ഇടനാഴിയിലൂടെ
ബിംബിസാരന്റെയും അശോകന്റെയും അതിലും
ഇരുണ്ട
വിദർഭയുടെയും മൂടൽമഞ്ഞിലൂടെ ഞാൻ
നടന്നിട്ടുണ്ട്.
എന്റെ തളർന്ന ആത്മാവിനുചുററും ക്രുദ്ധരായ
തിരമാലകൾ ഇപ്പോഴും ചീറിയലറുന്നു
ഞാനെന്റെ മനഃശാന്തിയാകെ അറിഞ്ഞത് നാട്ടോ
രിലെ ബനലതാസെന്നിനോടൊത്തുമാത്രം.

കാലത്തിന്റെ ഇടനാഴിയിലൂടെ ദീർഘമായ യാത്രകഴിഞ്ഞു ക്ഷീണിച്ച ഒരു ആത്മാവിനെക്കുറിച്ചുള്ള സങ്കല്പം ജീബനാനന്ദിൽ രൂഢമൂലമാണ്—അതുകൊണ്ടു തന്നെ അതിന്റെ പെട്ടെന്നുള്ള രംഗപ്രവേശം അപരിചിതനായ ഒരു വായനക്കാരന് ഞെട്ടലുണ്ടാക്കാൻ പോന്നതാണ്, ഉദാഹരണം "ബാബിലോണിലെ തെരുവുകൾ" എന്ന കവിത. മൂല കൃതിയുടെ തലക്കെട്ട് പരിഭാഷയിൽ "തെരുവിലൂടെ നടക്കുമ്പോൾ" എന്നാണ്.

കണ്ണു താഴോട്ടുതിരിഞ്ഞു എരിയുന്ന സിഗരററു
കുററികാണുന്നു.
കാററു തള്ളിക്കൊണ്ടുപോവുന്ന വയ്ക്കോൽ തുരുമ്പും.
ഞാൻ കണ്ണടച്ചു ഒരു വശത്തേക്കു മാറുന്നു–വൃക്ഷം
വാടിച്ചെമ്പിച്ച ഇലകൾ ധാരാളം പൊഴിച്ചിരിക്കുന്നു,
അവ പൊയ്ക്കഴിഞ്ഞു.
അങ്ങനെ ബാബിലോണിലെയും കൽക്കത്തയിലെയും
തെരുവുകളിലൂടെ
രാത്രിയുടെ നിശ്ചലതയിൽ ഞാൻ നടന്നിട്ടുണ്ട്.
എന്തിന്? നൂററാണ്ടുകൾക്കു മുൻപറഞ്ഞിരുന്നതിൽ
കൂടുതലൊന്നും ഇപ്പോഴെനിക്കറിഞ്ഞുകൂടാ.

India...
117876
28.12.04

കവിത ആരംഭിച്ചശേഷം കൽക്കത്തയിൽ നടക്കാൻപോകുന്നതിന്റെ ആകർഷകമെങ്കിലും വ്യക്തവും യുക്തിസഹവുമായ ഒരു വർണ്ണനയായി തുടർന്നുപോകുന്നു. പിന്നീട് ഒടുവിലാകുമ്പോൾ നമ്മുടെമേൽ ബാബിലോൺ എടുത്തുചാടുന്നു, യാഥാർത്ഥ്യത്തോടുള്ള നമ്മുടെ ബന്ധനത്തിൽ നിന്നു നമ്മെ പറിച്ചുമാററിക്കൊണ്ട്.

ജീബനാനന്ദിന്റെ കവിതയിൽ ഉടനീളം ചരിത്രപരാമർശങ്ങൾ ചിതറിക്കിടക്കുന്നു—വ്യക്തികളെയും കാലഘട്ടങ്ങളെയും നിഷ്കൃഷ്ടമായി പരാമർശിക്കുന്നവയും സാമാന്യമായി മാത്രം സ്പർശിക്കുന്നവയും — ബാബിലോൺ, ഫിനിഷ്യ, അസിറിയ, നിനെവെ (പടിഞ്ഞാറൻ ഏഷ്യയിലെയും ഈജിപ്തിലെയും മണ്ണടിഞ്ഞ നാഗരികതകൾ അദ്ദേഹത്തെ പ്രത്യേകം ആകർഷിച്ചിരുന്നു), പതഞ്ജലി, അംബപാലി, നാഗാർജുന, ശ്രാവസ്തി, കൺഫൂഷ്യസ്, അററില-തുടങ്ങി നൂറുകണക്കിനുള്ള ചരിത്രനാമങ്ങളിൽ ഏതാനും എണ്ണം അദ്ദേഹത്തിന്റെ കവിതയിൽ പെട്ടെന്നു പ്രത്യക്ഷപ്പെടുന്നതു സാധാരണമായിരുന്നു. "മകരസംക്രാന്തി രാത്രി" എന്ന കവിതയുടെ ഉപശീർഷകത്തിൽ കാലത്തിന്റെ ചരിത്രപരമായ ഒഴുക്കിനെ കുറിച്ചുള്ള ബോധത്തെ പക്ഷിയുടെ പറക്കലുമായിട്ടാണ് അദ്ദേഹം താരതമ്യപ്പെടുത്തുന്നത്. ആവർത്തിച്ചുവരുന്ന ഈ പക്ഷി ബിംബം പിന്നീട് "സൂര്യന്റെ തൽസ്വരൂപത്തിൽ" മുതലായ അനേകം കൃതികളിൽ കാണാവുന്നതാണ്. കാലബോധത്തെക്കാൾ സൂക്ഷ്മത കുറഞ്ഞതല്ല സ്ഥലബോധം. മലയ, ഈജിപ്ത്, അത്‌ലാന്തിക് സമുദ്രം, ബെറിങ്ങ് കടലിടുക്ക് മുതലായ സ്ഥലപരാമർശങ്ങൾ നിരന്തരവും പ്രവചനാതീതവുമാണ്. ജന്തുലോകത്തിനും പലപ്പോഴും അതിന്റെ പങ്കു കിട്ടിയിട്ടുണ്ട് (ഏതാണ്ട് ഈഡിത് സിററ്വെല്ലിന്റെ കവിതയിലെന്നപോലെ), ചിലപ്പോൾ ഒട്ടും കാവ്യാത്മകമല്ലാത്ത രൂപത്തിലും. ചാകാൻപോകുന്ന കുതിരയുടെ വ്രണം, പ്രാഞ്ചിനടക്കുന്ന കണ്ണുപൊട്ടൻ മുങ്ങാക്കിഴവൻ, അരയന്നം, ഒട്ടകം, സ്വർണസിംഹം, കഴുകൻ, ചാവാലിത്തവള, കൊതുക്. പൂക്കൾ ശ്രദ്ധേയമായ രീതിയിൽ വിരളംതന്നെ; പക്ഷെ ചെടിക

ളും മരങ്ങളും അതിസൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു, ഓരോരോപേരും സുവ്യക്തമായിത്തന്നെ. ജീബനാനന്ദിന് ''സുന്ദരം'', ''കാവ്യാത്മകം'' എന്നതൊന്നും അത്ര ബോധ്യമായിരുന്നില്ല, അവയെ ചുററിപ്പററി സ്വന്തമായ പുതിയ സങ്കേതങ്ങളൊന്നും അദ്ദേഹം കെട്ടിപ്പടുക്കുന്നുമില്ല.

തുപ്പലും ചോരയും മലവും
ഇവയിൽനിന്ന് ഈച്ചവെയിലത്തേക്കുപറക്കുന്നു
ഷഡ്പ്പദച്ചിറകുകൾകൊണ്ടു തിളങ്ങുന്ന പൊൻ
വെയിലത്തേക്ക്.

അസുന്ദരം സാർത്ഥകമാകുന്നു, സുന്ദരം പോലുമാകുന്നു, ദർശനത്തിൻെറ ശക്തിമൂലം. തെരുവു പൈപ്പിൽനിന്നു വെള്ളം നക്കുന്ന കുഷ്ഠരോഗിയുടെയും വായിൽ ചോരചതഞ്ഞുചാകുന്ന പ്ലേഗുപിടിച്ച എലിയുടെയും കൊതു വലയ്ക്കുള്ളിൽ കയറാൻ പാടുപെടുന്ന കൊതുകിൻെറയും പുക തുപ്പുന്ന മോട്ടോർ കാറിൻെറയും ഒപ്പം അദ്ദേഹത്തിൻെറ ലോകത്തിൽ വർത്തിക്കുന്നത് സുഗന്ധധൂമശരീരത്തിൽ ഇഴഞ്ഞുകയറുന്ന സുന്ദരികളും, വെള്ളത്തിൽ ഒഴുകിനടക്കുന്ന അരയന്നവും കാട്ടിനുള്ളിൽനിന്നു നിലാവിലേക്കു വരുന്ന കുറുനരിയും അത്രേ.

കവിത നമ്മുടെ ഹൃദയത്തെ മാത്രമല്ല, ബുദ്ധിയെയും ആകർഷിക്കുന്നു. സ്ഥലകാലങ്ങളിലെ വിദൂരസ്ഥങ്ങളായ വസ്തുക്കൾക്കും ഇന്ദ്രിയവിഭാഗങ്ങൾക്കും തമ്മിൽ തികച്ചും സ്വച്ഛന്ദമായി കവി സ്ഥാപിച്ചെടുക്കുന്ന പുതുമയുള്ള ബന്ധങ്ങളാണ് അതിൻെറ ശക്തിയുടെ ഉറവിടം. ഇന്ദ്രിയ സന്നിവേശ വൈചിത്ര്യത്തിൽ അദ്ദേഹത്തിനുള്ള കഴിവ് ''ബനലതാസെന്നി''ൽ കാണാം.

തുഷാരപദപാതംപോലെ വന്നെത്തുന്നു സന്ധ്യ.
ചൂടുള്ള സൂര്യൻെറ ഗന്ധം ചിറകിൽനിന്നു തുടച്ചു
മാററുന്നു മലം കാക്ക.

വീര സവർക്കറും നരിമാനും അററിലയും മാർക്സുമായി, നാഗാർജുനനും സംഘമിത്രയും ടൈംസ് ഒഫ് ഇന്ത്യയുമായി, മധ്യേഷ്യയിലെ പുൽമേടുകളും ബംഗാളഗ്രാമത്തിലെ

കുളവുമായി തോറം ഉരുമ്മുന്നു. ഏറ്റവും ഭാവനാത്മക മായ രംഗങ്ങൾക്കു തികച്ചും വ്യക്തമായ പരാമർശംതന്നെ കൊടുത്തിരിക്കും. പേരുകൾതന്നെ ധാരാളം: സുചേതന, അരുണിമ സന്യാൽ, അനുപമത്രിബേദി, മൃണാളിനി ഘോഷാൽ, സുബിനയ് മുസ്താഫി, ലോകൻ ബോസ്, സൂക്ഷ്മതരമായ ചോദ്യങ്ങൾക്ക് അദ്ദേഹത്തെ ശരവ്യ നാക്കിയ നാട്ടോരിലെ ബനലതാസെൻ.

ജീബനാനന്ദിന്റെ കവിത ആകെക്കൂടി എടുത്താൽ പലായനവാദിയാണോ എന്നു ചോദിച്ചാൽ അല്ലേ, അല്ല എന്നായിരിക്കും ഉത്തരം.

എവിടെയോ ഒരു ചിറകുവീശൽ
എവിടെനിന്നോ കടലിന്റെ സംഗീതം
എവിടെയോ നമ്മെ കാത്തിരിക്കുന്ന പ്രഭാതം

എന്ന് എഴുതിയ കവിയെ പലായന വാദിയെന്ന് ആർക്കു വിളിക്കാൻ കഴിയും?

ജീബനാനന്ദ് മനുഷ്യാവസ്ഥയെ വീണ്ടും വീണ്ടും വിലയിരുത്തുകയും അതിന്റെ പോരായ്മകളെ പേർത്തു വിലപിക്കുകയും ചെയ്തിട്ടും ഭാവിയിലുള്ള വിശ്വാസ ത്തെ ഉറപ്പിച്ചുതന്നെ പ്രഖ്യാപിക്കുന്നുണ്ട്.

ആലസ്യമൊഴിവാക്കാൻ മുന്നോട്ടെത്തിയ നമ്മൾതന്നെ
ആലസ്യത്തിൽ ആണ്ടു മുഴുകുന്നുവോ?
ആലസ്യമൊഴിവാക്കാനൊരുമ്പെട്ടവർ നമ്മൾ
അതൊഴിവാക്കുന്നവർ.
ഇന്ദ്രജാലത്തിൽ മയങ്ങിയ അനേകം മൈൽ
കടലിനു കുറുകെ
ചന്ദ്രോദയത്തിനു മുൻപു പറക്കുന്നു പക്ഷികൾ —
അതുതന്നെ വേണം നമ്മളും.
ചന്ദ്രനെ മറന്നു
പറക്കൂ, പറക്കൂ, വെളിച്ചത്തിനു മുൻപുള്ള
ഈ ശാശ്വതനിമിഷത്തിൽ.
(സൂര്യന്റെ തൽസ്വരൂപത്തിൽ)

സമുദ്രം താണ്ടുന്ന പക്ഷി ജീബനാനന്ദന്റെ ചരിത്ര ബോധത്തിന്റെ പ്രഖ്യാപിത പ്രതീകമാണെന്നോർത്താൽ അർത്ഥം വ്യക്തമാകും.

ജീബനാനന്ദന്റെ പദസമുച്ചയത്തിൽ ഏററവും അധികം പ്രയോഗിക്കപ്പെടുന്ന ഒന്നാണ് "എങ്കിലും." മനുഷ്യന്റെ വർത്തമാനാവസ്ഥയെച്ചൊല്ലിയുള്ള പീഡാനുഭവവും അതിൽനിന്നുള്ള മനുഷ്യന്റെ മുക്തിയിലുള്ള വിശ്വാസവും തമ്മിലിണക്കുന്ന കണ്ണിയാണത്. ചിലപ്പോഴൊക്കെ, പ്രത്യേകിച്ചും ആദ്യകാലകവിതയിൽ താങ്ങാവുന്നതിലധികമാണ് ആ പീഡനം. ചരിത്രം ഏൽപിച്ച ആഘാതങ്ങളേററു തളർന്ന മനുഷ്യാത്മാവ് ഉൽഭവത്തിലേക്കുതന്നെ മടങ്ങാൻ ആഗ്രഹിക്കുന്നു — മരണത്തിലേക്ക്, ഗർഭാശയത്തിന്റെ അന്ധകാരത്തിലേക്ക്. വേദനകൊണ്ടുള്ള നിലവിളി ഉച്ചത്തിലാണ്, ഒട്ടും അടക്കിവെയ്ക്കുന്നുമില്ല; മരണംവാഞ്ഛ ലജ്ജാരഹിതവും.

പ്രഭാതാകാശത്തിലെ ചെമന്ന സൂര്യൻ
എഴുന്നേററു നിൽക്കാനും ലോകത്തെ അഭിമുഖമായി
നേരിടാനും
എന്നോടാജ്ഞാപിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്.
അതിനുള്ള പ്രതികരണമായി എന്റെ ഹൃദയം
ദുഃഖംകൊണ്ടും വെറുപ്പുകൊണ്ടും അന്ധമായ
ക്രോധംകൊണ്ടും
നിറഞ്ഞിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്.
സൂര്യന്റെ ആഘാതമേററ് ഭൂമി മോങ്ങുന്നു
വേവുകമ്പിയിൽ കോർത്ത ശതകോടി പന്നികളുടെ
ശബ്ദത്തിൽ
എന്തൊരുൽസവം!
എന്റെ ഹൃദയത്തിന്റെ ദാക്ഷിണ്യരഹിതമായ
അന്ധകാരത്തിൽ
ആ സൂര്യനെ മുക്കിക്കൊല്ലാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.
എന്നിട്ടു വീണ്ടുമുറങ്ങാൻ
അന്ധകാരത്തിന്റെ യോനിഗർത്തങ്ങളിൽ
ശാശ്വതമായി മുങ്ങിത്താഴാൻ
മരണത്തോടൊപ്പം അതിൽ വിലയിക്കാൻ
അനന്തമായ, ഇരുണ്ട ഉറക്കത്തിനുവേണ്ടി
എന്റെ ആത്മാവു കേണാഗ്രഹിക്കുന്നു.
എന്തിനെന്നെ ഉണർത്തുന്നു?

("അന്ധകാരം")

ഏതാണ്ടത്രതന്നെ ആവർത്തിച്ചുവരുന്ന മറ്റൊരു പദമാണ് ''ചിലപ്പോൾ'' — ചില കർമ്മങ്ങൾ ചെയ്തുതീർക്കുമ്പോൾ, ചില കാലയളവിൽ മനുഷ്യനു സിദ്ധമാകുന്ന മുക്തിയാണിവിടെ സൂചിതം; ''പ്രഭാതം നമ്മെ കാത്തു നിൽക്കുന്നു, എവിടെയോ.'' എന്തൊക്കെയാണ് കർമ്മങ്ങളെന്നത് അവ്യക്തമാണ്, പക്ഷെ അദ്ദേഹത്തിൻെറ കവിതയിൽനിന്ന് നമുക്കൂഹിച്ചെടുക്കാം, അവ നയിക്കുന്നത് സത്യസന്ധതയിലേക്കും ലക്ഷ്യമാർഗ്ഗങ്ങളുടെ സംശുദ്ധിയിലേക്കുമാണെന്ന്. ഭാഗ്യവശാൽ മനുഷ്യന് ആത്മാവുണ്ട്, അതുകൊണ്ട് മുക്തിയിൽ എത്തിച്ചേരുകയും ചെയ്യും:

യുഗങ്ങളായി മനുഷ്യൻ ചുമലിൽ
സ്വന്തം ശവം ചുമക്കുന്നു
സഹോദരനെയും സഹോദരിയെയും കൊന്ന്
അവരുടെ രക്തം കണ്ടെത്തിയശേഷം
അവൻെറ മനസ്സിലെ ദുർഗന്ധം നിലവിളിക്കുന്നു
നക്ഷത്രങ്ങളുടെ നേർക്ക്, ആകാശത്തേക്ക്,
പ്രേമത്തിൻനേർക്ക്
ജ്ഞാനശക്തികളെ ഉണർത്തി
കട്ടപിടിച്ച ആ രക്തത്തിൽനിന്ന് അവനെ
കഴുകിയെടുക്കാൻ
അവരെയെല്ലാം അവൻ ആഹ്വാനം ചെയ്യുന്നു
അവന് ആത്മാവില്ലെങ്കിൽ അവനിതു ചെയ്യുമോ?
(''ആനന്ദാ'')

ജീബനാനന്ദ് കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ''ആത്മാവ്'' എന്നല്ല, ''ഹൃദയം'' എന്നാണ്: ഉദ്ദിഷ്ടാർത്ഥം പരിഗണിച്ചാൽ രണ്ടും തമ്മിൽവച്ചു മാറാവുന്നതാണെന്നു തോന്നുന്നു.

ശൈലിയിൽ എത്ര വ്യത്യസ്തനായിരുന്നെങ്കിലും ജീബനാനന്ദിന് ടാഗൂറിൻെറ ആത്മസത്തയോടുള്ള അടുപ്പം നാം ശ്രദ്ധിച്ചുതുടങ്ങുന്നത് ഇവിടെയാണ്. ഉദാഹരണത്തിന് ടാഗൂറിൻെറ ''ചീററുന്ന സർപ്പങ്ങൾ'' ജീബനാനന്ദിൻെറ ''വിചിത്രമായ അന്ധകാര''വുമായി താരത

മ്യം ചെയ്തുനോക്കുക. ടാഗൂറാണ് കൂടുതൽ സമരോൽസുകനെങ്കിലും അവരെ രണ്ടു പേരേയും ഞെട്ടിപ്പിക്കുന്ന മൂല്യനാശം യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്. ജീബനാനന്ദിന്റെ "യാത്രികൻ" സംശയാതീതമാംവിധം ഈ സമാനത വെളിപ്പെടുത്തുന്നു — നിത്യനായ ആത്മാവിലുള്ള വിശ്വാസം, അതിന്റെ ഭൂമിവാസം, അനന്തമായ പ്രയാണം ഇവയൊക്കെ ഇതിലും വ്യക്തമായി ആവിഷ്ക്കരിക്കാൻ വിഷമമാണ്. ടാഗൂറിന്റെ അനേകം കവിതകളിൽ ഈ ഭാവം ഉടനീളം പ്രതിധ്വനിച്ചുനിൽക്കുന്നു. ഉദാഹരണത്തിന് ഇതാ:

ദുഃഖവും മൃത്യുവും നിറഞ്ഞുനിൽക്കുന്ന
നിബിഡാന്ധകാരത്തിന്റേതായ എന്റെ
രാത്രി മുഴുവൻ
എന്നെ മാടി വിളിക്കുന്ന ഒരു പ്രകാശബിന്ദു
ഞാൻ ഇടയ്ക്കിടയ്ക്കു കാണുന്നു,
എങ്ങോട്ടേക്കു വിളിക്കുന്നു
എന്നു ഞാൻ ആവശ്യപ്പെടുന്നു
ജനൽവഴി അകത്തേക്കു നോക്കുന്ന പഥികൻ
അകത്തെ തിളക്കത്തിന്റെ ഒരംശം മാത്രം
കാണുന്നതുപോലെ
ഈ പ്രകാശരശ്മി എന്റെ ഉള്ളിലേക്കെത്തുന്നു.
ഈ നിബിഡാന്ധകാര യവനിക മാറുമ്പോൾ
ഒട്ടും മറയ്ക്കാതെ എല്ലാം വെളിവാകുമെന്ന്
എനിക്കതു സൂചന തരുന്നു,
സൂര്യൻ ശുദ്ധീകരണ സന്ധ്യാസ്നാനം നടത്തുന്ന
പരിണാമത്തിന്റെ നക്ഷത്രങ്ങൾ വലിയ
കുമിളകൾപോലെ
ഉയർന്നുവന്നു പൊട്ടിത്തകരുന്ന
കാലാതീതമായ സമുദ്രത്തിനുപരി
അവിടെ, രാത്രിയുടെ അന്ത്യത്തിൽ,
അനന്താവബോധത്തിന്റെ സമുദ്രത്തിലേക്കു
യാത്ര ചെയ്യുന്ന
പഥികനാണു ഞാൻ.

(ടാഗൂർ: കവിത 20, രോഗശയ്യയിൽനിന്ന്)

ഉപനിഷത്തുകളുടെ പുനരുത്ഥാനത്തിനു ശ്രമിച്ച ബ്രഹ്മസമാജത്തിന്റെ സ്വാധീനത ജീബനാനന്ദിന്റെ തന്നെ ആദ്യകാലജീവിതത്തിൽ ഗണ്യമായിട്ടുണ്ടായിരുന്നു; ടാഗൂർ അതിനെ എങ്ങനെ ശക്തിപ്പെടുത്തി എന്നത് രണ്ടു പേരുടെയും പിൽക്കാലകവിതകളിലെ ആവർത്തിതഭാവങ്ങളിൽ കാണാം. ടാഗൂറിനെപ്പോലെ (ദാന്തെയും മററു പലരും ഇതിൽ ഉൾപ്പെടും) ജീബനാനന്ദും സ്ത്രീ-ആത്മാവിനെ മുക്തിയുടെ പ്രതിമാനങ്ങളുമായി താദാത്മ്യപ്പെടുത്തുന്നുണ്ട്. ഒരു പക്ഷെ ഇതാരംഭിക്കുന്നത് "സുചേതന"യോടുകൂടിയാണ്; നിഷേധാത്മകമല്ലാത്ത ഒരു ഘട്ടത്തിന്റെ ആരംഭമാണാ കൃതി എന്നു ചില നിരൂപകർ പറയുന്നു. അന്ത്യകാലത്ത് ഈ സ്ത്രീ-ആത്മാവ് വെറും അഭയകേന്ദ്രം മാത്രമല്ല, വിസ്മൃതിയിലേക്കുള്ള മടക്കത്തിന്റെ സൂചനയും മൃത്യുവാഞ്ഛയുടെ ഗർഭപാത്രാന്ധകാരത്തിലുള്ള വിലയനവും ആയിത്തീർന്നു; അർപ്പിത ജീവിതത്തിന്റെ കൂടുതൽ പരിശുദ്ധമായ ഒരു പ്രതിമാനവും താൽക്കാലികതയുടെ വൈരുധ്യത്തിന്നതീതമായ സംശുദ്ധിയുടെ ദർശനവുമായിത്തീരുന്നു അവൾ.

ജീബനാനന്ദിന്റെ ആദ്യകാലകൃതികളിലെ കൗമാരസഹജമായ സ്വച്ഛന്ദവിലാസം ടാഗൂറിന്റേതിൽനിന്നു വ്യത്യസ്തമല്ല. ഝറാപലക്കിലെ (കൊഴിഞ്ഞ തൂവലുകൾ) മിക്ക കവിതകളിലും ധൂസരപാണ്ഡുലിപിയിലെ (ധൂസര ഹസ്ത ലിഖിതം) ഏതാനും കവിതകളിലും ടാഗൂറിന്റെ നിർഝരേർ സ്വപ്ന ഭംഗ (നദിയുടെ ഉണർന്നെഴുന്നേൽക്കൽ) വുമായി സാദൃശ്യം കാണാം. ജീബനാനന്ദന്റെ കവിതകളെ അതേ തലമുറയിൽപെട്ട സുധീന്ദ്രനാഥദത്ത, ബിഷ്ണുദേ, അമിയ ചക്രവർത്തി എന്നിവരുടെ ആദ്യകാലകൃതികളുമായോ പിന്നീട് വന്ന സമർസെന്നിന്റെ കൃതികളുമായോ താരതമ്യപ്പെടുത്തിയാൽ ഇത് ഏററവുമധികം വ്യക്തമാകും. മററു കവികൾ കൂടുതൽ സ്വയം നിയന്ത്രണവും സ്വയം ബോധവും പുലർത്തുന്നുണ്ടെന്നും അവർ ശമചിത്തരും ധൈഷണികരും ആണെന്നും ഈ താരതമ്യംകൊണ്ടു മനസ്സിലാക്കാം. ടാഗൂറിന്റേതുപോലെ ജീബനാനന്ദിന്റെയും ആദ്യകാലകൃതികളും വൈകാരികമാ

യ ഉച്ഛൃംഖലതയുണ്ടെങ്കിലും ആവിഷ്കരണസമർത്ഥ വുംരൂപഭാവങ്ങളിൽ സുസൂക്ഷ്മതയില്ലെങ്കിലും ശക്തി മത്തും ആണ്. അവ്യക്തതയിലേക്കുള്ള അസ്പഷ്ടമോ ഹങ്ങൾ രണ്ടു പേരുടേയും കൗമാരവിഹാരങ്ങളിൽ നിറ ഞ്ഞുനിൽക്കുന്നു. മധ്യഘട്ടത്തിൽ രണ്ടു പേരുടേയും ജീവി തവീക്ഷണവും അവബോധത്തിന്റെ മുഖ്യ സ്വഭാവങ്ങളും ഉരുത്തിരിഞ്ഞ് ദൃഢതരമാകുന്നു. അന്ത്യഘട്ടത്തിൽ അവി ശ്വാസത്തിന്റെ പടവുകൾ കടന്ന് വിശ്വാസത്തിന്റെ പ്രശാ ന്തിയിലേക്ക് എത്തുകയും ചെയ്യുന്നു.

തന്റെ ബഹുമുഖപ്രതിഭയുടെ ആകെത്തുകകൊണ്ട് മാത്രമല്ല, ടാഗൂർ പിൻതലമുറകളെക്കാൾ ഉന്നതനായി വർ ത്തിക്കുന്നത്. ഒരു കവി എന്ന നിലയിൽ ടാഗൂറിനുള്ള താത്വികവിജ്ഞാനത്തിന്റെ സുവ്യക്തശിൽപം ജീബനാ നന്ദിന്റെ വൈകാരികശക്തിക്ക് ആധാരമായി വർത്തി ക്കുന്നില്ല. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികാന്വേഷണം ബഹുമഖമോ സുവ്യവസ്ഥിതമോ ആയിരുന്നില്ല. അദ്ദേ ഹത്തിന്റെ വ്യക്തിസത്തയുടെ ഘടനയിൽ വികാരം ബുദ്ധിക്കുപരിയായി വർത്തിക്കുന്നു. തീവ്രമായ ആത്മ നിഷ്ഠത അദ്ദേഹത്തിന്റെ ശക്തിയും ദൗർബല്യവുമാ ണ്. ഷെല്ലിയുടെ "പടിഞ്ഞാറൻ കാററിനോട്" എന്ന കവിത ശക്തമായ വൈകാരികത ഉൾക്കൊള്ളുന്നുണ്ടെങ്കി ലും അദ്ദേഹത്തെ ആശ്രയിക്കേണ്ടാത്ത ഒരു ബാഹ്യവ സ്തുവിനെയാണത് സംബോധന ചെയ്യുന്നത്. ജീബനാ നന്ദിന്റെ "കാററുള്ള രാത്രി" അദ്ദേഹത്തിൽതന്നെ മുഖ്യമായും സമ്പൂർണ്ണമായും കേന്ദ്രീകരിച്ചിരിക്കുന്നു. ഷെല്ലി എഴുതിയ "ബോണപ്പാർട്ടിന്റെ പതനത്തിൽ ഒരു ജനതന്ത്രവാദിക്കുള്ള വികാരങ്ങൾ" പോലെയോ രബീന്ദ്ര നാഥിന്റെ "ആഫ്രിക്ക" പോലെയോ ഒരു കവിത ജീബനാ നന്ദ് ഒരിക്കലും എഴുതുമായിരുന്നില്ല. "ജുഹു", "അനു പമ ത്രിബേദി" തുടങ്ങിയ അദ്ദേഹത്തിന്റെ ഉപഹാസ ക വിതകൾ സമകാലികവ്യക്തികളെ ഭംഗ്യന്തരേണ സ്പർശി ക്കുന്നുണ്ടെങ്കിലും അദ്ദേഹം അതിൽ മുഴുകുന്നില്ല. അദ്ദേഹത്തെ "ഏകാന്തതയുടെ കവി", "കവിയുടെ കവി", "കാലത്തിന്റെ കവി" എന്നൊക്കെ വിളിക്കാറുണ്ടെ

കിലും ഏതെങ്കിലും ഒരു രാഷ്ട്രീയ സാമൂഹിക തത്വശാസ്ത്രത്തിന്റെ പേരിലോ ടാഗൂറിനെപ്പോലെ ഏതെങ്കിലും വ്യക്തമായ സംഭവങ്ങളുമായി ബന്ധപ്പെടുത്തിയോ ആരും അദ്ദേഹത്തെ കാണാറില്ല. നമ്മുടെ കാലത്തെ (ചരിത്രത്തിലെയും) മനുഷ്യാവസ്ഥയെക്കുറിച്ച് ഉത്കടമായ താൽപര്യമുള്ളയാളായിരുന്നു എങ്കിലും അതു തികച്ചും നിർമ്മമമായ രീതിയിൽ, ഒരു സമകാലികസംഭവത്തോടുള്ള പ്രതികരണം വ്യക്തമാക്കാത്തമട്ടിൽ, അത്തരം സംവേദനമുള്ള ഒരാളിൽനിന്ന് വിചിത്രമായിത്തോന്നാവുന്നവിധത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രത്യാശാസംവേദനത്തിൽ അദ്ദേഹം ടാഗൂറിനോട് വളരെയധികം അടുപ്പമുള്ളയാളായിരുന്നു. ടാഗൂറും വിശാലമായ അടിസ്ഥാനത്തിൽ മനുഷ്യാവസ്ഥയെക്കുറിച്ചുള്ള വിശ്വവ്യാപകമായ ദർശനങ്ങൾ മാത്രമാണ് കൈകാര്യം ചെയ്തിരുന്നത്. പക്ഷെ ടാഗൂറിനുശേഷമുള്ള വിപുല യഥാതഥപ്രസ്ഥാനകാലത്തെ ശീഘ്രബോധനത്തിന്റെ ലോകത്തിൽ സംഭവങ്ങളോടുള്ള സാമീപ്യം വർദ്ധിച്ചിട്ടുള്ള കാലത്ത്, മററു കവികളുടേതുമായി താരതമ്യപ്പെടുത്തിയാൽ, ജീബനാനന്ദിന്റെ അവയോടുള്ള പ്രതികരണങ്ങൾ തികച്ചും വിശാലവും സാമാന്യവത്കൃതവുമാണ്. ആത്മാവിന്റെ ശാശ്വതികത്വത്തിലും മനുഷ്യചേതനയുടെ അനശ്വരതയിലും ടാഗൂറിനുള്ള വിശ്വാസം അദ്ദേഹത്തിന്റെ കാലത്തെ ഏററവും പുരോഗമനപരമായ സാമൂഹികചിന്ത കരുപ്പിടിപ്പിക്കുന്നതിനു സഹായകമായിരുന്നു; അതിനനുയോജ്യവുമായിരുന്നു.

ജീബനാനന്ദിന്റെ നൈരാശ്യഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ സൂക്ഷ്മാവലോകനശക്തി വളരെ തീക്ഷ്ണമായിരുന്നു; സമകാലീനമൂല്യങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അസംതൃപ്തി തികച്ചും വ്യക്തിപരവും നിശിതവുമായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ പ്രത്യാശാവാദം — ''യാത്രിക''നിലെപ്പോലെയുള്ളത് — കടം വാങ്ങിയതും സ്വന്തം വ്യക്ത്യനുഭവത്തിൽനിന്നു ഉരുത്തിരിഞ്ഞു വന്ന ഒരു പുതിയ സമന്വയത്തിന്റെ തോന്നൽ ഉളവാക്കാത്തതും ആയിരുന്നു. ഒരു സാമൂഹിക-രാഷ്ട്രീയതത്വശാസ്ത്രത്തിന്റെ ഒട്ടൊക്കെ നിർബന്ധിതമായ പ്രതിധ്വനി

കളെപ്പോലെ മററുള്ളവരുടെ പ്രത്യാശാപ്രഖ്യാപനങ്ങരം പൊള്ളയായിരുന്നെങ്കിൽ, ജീബനാനന്ദിൻെറ പ്രത്യാശ സൂക്ഷ്മതക്കുറവിനാലും വ്യക്തിത്വാഭാവത്താലും ദുർബലവുമായിരുന്നു. അങ്ങനെ "യാത്രികൻ" അഥവാ "ഇരുവഴിയും" എന്ന കവിതയിൽ മുൻപത്തെപ്പോലെതന്നെ വ്യക്തിഗതമല്ല കാവ്യശിൽപം; പക്ഷെ, ടാഗൂറിൻെറ ഭാഷാശൈലിയോടുള്ള സാധർമ്യം വർദ്ധിച്ചുതുടങ്ങിയിട്ടുണ്ടുതാനും.

ടാഗൂർ-ബ്രഹ്മസമാജതത്വചിന്തയുടെ മേൽ ആശ്രയം തേടുന്നവയാണ് ജീബനാനന്ദിൻെറ പ്രത്യാശാ പ്രഖ്യാപനങ്ങളെല്ലാം. ക്രോധാവിഷ്ടമായ നിമിഷങ്ങളിൽ ഉപനിഷത്തടിസ്ഥാനമാക്കിയുള്ള സമന്വയത്തിൻെറ പരാജയം കണ്ട്, "ചീററുന്ന സർപ്പങ്ങ"ളുടെ ഇടയിൽ "സമാധാനത്തിൻെറ മധുമവാക്കുകരം" പൊള്ളയായി മുഴങ്ങും എന്നും കണ്ട്, രാക്ഷസരെ നേരിടാൻ ടാഗൂർ എല്ലാവരെയും ആഹ്വാനംചെയ്തശേഷവും ജീബനാനന്ദിൻെറ അന്വേഷണം വിശാലമായ ടാഗൂർസിദ്ധാന്തങ്ങളുടെ പുനഃസ്ഥിരീകരണത്തിലാണ് ചെന്നവസാനിക്കുന്നത്. അദ്ദേഹത്തിൻെറ ശ്രേഷ്ഠകവിതകളുടെ സമാഹാരത്തിലെ അവസാനകവിതയുടെ അന്ത്യഭാഗം നോക്കുക:

വെളിച്ചവും സന്തോഷവുംകൊണ്ടു മരവിച്ച്
ഐശ്വര്യത്തിൻെറ അനന്തമായ പരപ്പിൽ
ലോകത്തിൻെറ ഭീകരഗർജനത്തിനുപരി
നശിപ്പിക്കാനൊക്കാത്ത ശബ്ദം
പതഞ്ഞു മറിയുന്നു.

(ഇരുവഴിയും)

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ കഠോരമായ അവസ്ഥ അതിജീവിക്കുന്നതിൽ ടാഗൂറിയ മൂല്യങ്ങരംക്കുണ്ടായ വേദനാകരമായ പരാജയത്തെയാണ് ജീബനാനന്ദ് പ്രതിനിധാനംചെയ്യുന്നതെന്ന നിഗമനത്തിൽ നമുക്കെത്താവുന്നതാണ്. താൻ അങ്ങേയററം ബഹുമാനിച്ചിരുന്ന ഡബ്ലിയു. ബി. യേററ്സിനെപ്പോലെ അദ്ദേഹം വിലപിക്കുന്നു:

രക്തപങ്കിലമാം വേലിയേററമെങ്ങുമുയർന്നുപോയ്,
നിഷ്കളങ്കതതന്നാചാരക്രമം മുങ്ങിയാഴ്ന്നുപോയ്:
നല്ലവർക്കില്ല വിശ്വാസം; ദുഷ്ടർക്കാവേശമേറെയായ്.

ജീബനാനന്ദിനെ ഒരു പലായനവാദിയായി അവഗണിക്കാനോ അദ്ദേഹത്തിൻെറ ഗാഢമായ മനുഷ്യവർഗസ്നേഹം വിലകുറച്ചുകാണാനോ സാധ്യമല്ലെങ്കിലും അദ്ദേഹത്തിൻെറ കവിതയുടെ ശക്തി കിടക്കുന്നത് അതിൻെറ ഏതാണ്ടസ്പഷ്ടമായ സാമൂഹിക മൂല്യത്തിലോ സാമാന്യവത്കൃതമായ വിശ്വാസപ്രഖ്യാപനത്തിലോ ഉള്ളതിനെക്കാൾ കൂടുതലായി അതിൻെറ വേദനയിലും തീക്ഷ്ണമായ ഇന്ദ്രിയസംവേദനത്തിലും സമകാലീനവും വ്യക്തിഗതവുമായ സൗന്ദര്യബോധത്തിലും സ്വയം വിലയനത്തിലുമാണ്.

എന്നാൽ തൻെറ കഴിവിൻെറ മണ്ഡലത്തിൽ ജീബനാനന്ദ് മററു കവികളുടെ പരിധികൾക്കപ്പുറം കടക്കുന്നതുകൊണ്ട് അദ്ദേഹത്തിൻെറ താത്വികപ്രശ്നങ്ങൾ പരിഗണനയിൽനിന്നൊഴിവാക്കാവുന്നതാണ്. ''സ്വപ്ന''ത്തിൻെറ അത്യന്തസൂക്ഷ്മതയും ആന്തരികതയും ''ഉല്ലാസവേള''യിലെ പൊരിയുന്ന ആക്ഷേപഹാസ്യവും ''അനുപമത്രിബേദി''യിലെ ചിന്താവതമണശക്തിയും ''പ്രൊഫസ''റിലെ ഉപഹാസവും ''പരുന്തി''ലെ കൗമാരവിശുദ്ധിയും നിഷ്കളങ്കതയും ''ബനലതാസെന്നി''ലെ നിയന്ത്രിതസംവേഗവും ''വിചിത്രമായ അന്ധകാര''ത്തിലെ ക്രോധവും, ''പുല്ല്''യിലെ സംസ്കൃതദർശനവും, ''ഓറഞ്ചി''ലെ ശക്തമായ ലാളിത്യവും അഗാധതയും, ''സൂര്യൻെറ തത്സ്വരൂപത്തിൽ'' എന്നതിലെ സാമാന്യവത്കൃതമെങ്കിലും വിശ്വാസാർപ്പണത്തിൻെറതായ ശക്തിയും — തത്കാലം അത്രയും മാത്രം — വിഭിന്നദിശകളിൽ പ്രത്യക്ഷമാകുന്ന അസാധാരണ വൈകാരികാഗാധതയും ആവിഷ്കാരശക്തിയും പ്രതിനിധാനംചെയ്യുന്നു. ഗ്രാമീണപശ്ചാത്തലവിജ്ഞാനവും സൂക്ഷ്മദർശനശക്തിയും ഇന്ദ്രിയസംവേദനക്ഷമതയുമുള്ള ഒരു നാടൻ പ്രകൃതിഗായകനെ നമുക്കു അദ്ദേഹത്തിൽ കാണാം; അതിദീർഘമായ കാലദേശങ്ങളെ കുറുകെ കടക്കുന്ന സമകാലിക നാ

ഗമികമനസ്സിനെ കാണാം; നിശ്ചിതമായ ചുററുപാടു കളുമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുന്ന ഒരു പ്രാദേശികകവിയെ കാണാം; മനുഷ്യവർഗഭാവിയെപ്പററി ആഴത്തിൽ ഉത്കണ്ഠകൊള്ളുന്ന ഒരു വിശ്വാത്മാവിനെ കാണാം: സംവേഗക്ഷമതയുള്ള കവിതയിൽ താത്വികചിന്തകം ആവിഷ്കരിക്കാൻ കഴിയുന്ന ഒരു ചിന്തകനെ കാണാം; പാരമ്പര്യത്തിൽ അടിയുറച്ച, എന്നാൽ സങ്കേതങ്ങളിൽനിന്നു സ്വതന്ത്രനായ ഒരു വ്യക്തിയെ കാണാം...

ജ്വലിക്കുന്ന തീക്ഷ്ണതയോടെ ഒരു കവിക്കു കൈകാര്യംചെയ്യാൻ കഴിയുന്ന അതിവിപുലമായ ഒരു മണ്ഡലമാണത്; വേറെ ഏതെങ്കിലും ഒരു സമകാലിക കവി ഇത്രയും നേടിയിട്ടുണ്ടോ എന്നു സംശയിച്ചുപോകും.

# വിവർത്തനങ്ങൾ

## മരണത്തിനു മുൻപ്

ശരത്കാലസന്ധ്യയിൽ വയ്ക്കോൽപ്പാടങ്ങളിൽ
കൂടെ നടന്നിട്ടുള്ള നമ്മൾ
നദിക്കരയിൽ മൂടൽമഞ്ഞിൽ പൂക്കൾ വിതറുന്ന
മങ്ങിയ സ്ത്രീകളെ കണ്ടിട്ടുള്ളവർ
മങ്ങിയ ഭൂതകാലത്തിന്റെ, വിദൂര ഗ്രാമങ്ങളുടെ,
സ്ത്രീകളെ കണ്ടിട്ടുള്ളവർ
അഗ്നിശലഭങ്ങൾ നിറഞ്ഞ വൃക്ഷങ്ങൾ
കണ്ടിട്ടുള്ളവർ
വിളവുകൊയ്യാതെ പാടത്തിൻ തലയ്ക്കൽ നിൽക്കുന്ന
അതിമോഹിയല്ലാത്ത ചന്ദ്രനെക്കണ്ടിട്ടുള്ളവർ

ദീർഘശ്യാമകളായ ഹേമന്തരജനികളെ പ്രേമിച്ചിട്ടുള്ള
നമ്മൾ
മായിക രാത്രിയിൽ വയ്ക്കോൽപ്പുറത്ത് ചിറകടി
കേട്ടിട്ടുള്ളവർ
കിഴവൻ മൂങ്ങയെ മണത്തറിയുകയും വീണ്ടും വീണ്ടും
ഇരുട്ടിൽ അതു നഷ്ടപ്പെടുകയും ചെയ്തിട്ടുള്ളവർ
വയലായ വയലൊക്കെ ചിറകിന്റെ ഹർഷോൻമാദം
നിറഞ്ഞ
ഹേമന്തരജനിയുടെ ഐശ്വര്യം അനുഭവിച്ചിട്ടുള്ളവർ
വൃദ്ധ വൃക്ഷശിഖരങ്ങളിൽ ഞാറപ്പക്ഷിയെക്കേട്ട
റിഞ്ഞവർ
ജീവിതത്തിന്റെ നിഗൂഢരഹസ്യങ്ങളിൽ
ഊളിയിട്ടിട്ടുള്ളവർ

വേടന്റെ ഉന്നത്തിൽനിന്നു രക്ഷപ്പെട്ട കാട്ടുതാറാവ്
വിളറിയ നീലനിലാവിൽ ഭൂമിയുടെ അററത്തേക്ക്
പോകുന്നതു കണ്ടിട്ടുള്ള നമ്മൾ

കതിർക്കററയിൻമേൽ കൈവയ്ക്കുകയും
അന്തിക്കാക്കകണക്ക് ആശാഭരിതരായി വീട്ടിലേക്കു
മടങ്ങുകയും ചെയ്യുന്നവർ
കൊച്ചുകുഞ്ഞിൻെറ വായും പുല്ലും സൂര്യനും പക്ഷി
യും നക്ഷത്രവും ആകാശവും മണത്തറിഞ്ഞവർ

വർഷചക്രത്തിൻെറ മേൽ അതിൻെറ അടയാളം
കണ്ടിട്ടുള്ള നമ്മൾ
ശരത്കാലരാത്രിയിൽ പച്ചില മഞ്ഞ കലരുന്നതും
വൃക്ഷവലയിത ജനാലയിൽ പക്ഷിയും വെളിച്ച
വും കേളിയാടുന്നതും കണ്ടിട്ടുള്ളവർ
ഹേമന്തരാത്രിയിൽ അരിമാവു പൂശി വെളുപ്പാർന്ന
എലിയെയും
ഏകാന്തമൽസ്യത്തിൻെറ കണ്ണുകളിലേക്കു തിരയടിച്ചു
കേററുന്ന നനഞ്ഞ ചോററുമണത്തെയും
മാന്ത്രികനിദ്രാദണ്ഡിൻെറ സ്പർശമേററു പൊയ്ക
ത്തട്ടിൽ ഇരുട്ടിൽ ഇരിക്കെ
ഏതോ മൃദുല കന്യാഹസ്തസ്പർശത്താൽ എല്ലാററി
ലുംനിന്ന് ഒഴുക്കിമാററിയ ഹംസത്തെയും
അറിഞ്ഞിട്ടുള്ളവർ

മിന്നാരങ്ങളൊത്ത മേഘങ്ങൾ സ്വർണപ്പരുന്തിനെ
ജനലിങ്കൽ വിളിക്കുന്നു
നീലപ്പൂരൽവള്ളിക്കിടയിൽ കുരുവിമുട്ട കിടക്കുന്നു
ലോലതരംഗിത ജലഗന്ധത്താൽ നദീതീരം കഴുകുന്നു
മേഞ്ഞ കൂരയുടെ നിഴൽ നിലാമുററത്തു കൊത്തി
വച്ചിരിക്കുന്നു
ഉപ്പുപോലെ വെളുത്ത ചെരിവിൽ തീവ്രാഭിലാഷത്തി
ൻെറ കനത്ത മൂടൽമഞ്ഞു താഴുന്നു
വയലുകളിലെ ചിവീടിൻെറ ഗന്ധംകൊണ്ട്
അന്തരീക്ഷം നിറഞ്ഞിരിക്കുന്നു

ആനന്ദമൂർച്ഛയാർന്ന വൃക്ഷത്തിൻെറ കീഴിൽ
ചെമന്ന കായ്കളും
നദികളിൽ സ്വന്തം പ്രതിച്ഛായ നോക്കുന്ന നിറ
വയലുകളും

അഗാധനീലിമയുടെ അഗാധതകൾ തേടുന്ന നീലാ
കാശങ്ങളും
ഭൂപഥങ്ങളിൽ തങ്ങളുടെ ലോലമായ നിഴലുകൾ
കുറുകെ വീഴ്ത്തുന്ന കണ്ണുകളും
കമുകിൻ നിരകളിൽ സന്ധ്യ വന്നു ചാഞ്ഞിറങ്ങു
ന്നതും
കതിർക്കററപോലെ സുഗമമായി ശുഭ്രമായി പ്രഭാത
മണയുന്നതും കണ്ടിട്ടുള്ള നമ്മൾ
ഋതുക്കളുടെയും മാസങ്ങളുടെയും ദിവസങ്ങളുടെയും
അന്ത്യത്തിൽ
ഭൂമിയുടെ മകൾ നദികളെപ്പററി പിറുപിറുത്തുകൊ
ണ്ടിരുട്ടത്തു വരുന്നതറിഞ്ഞിട്ടുള്ള നമ്മൾ
പാടങ്ങൾക്കും പാതകൾക്കും കുളപ്പടവുകൾക്കും
പിന്നിൽ
സ്നിഗ്ദ്ധമായ അപരാഹ്നത്തിൽ വിളറി, കണ്ണി
ന്റെ കാഴ്ചയ്ക്കപ്പുറം
ലോകസുന്ദരിമാർ സുഗന്ധധൂമശരീരങ്ങളിൽ
ഇഴഞ്ഞുകയറുന്നിടത്ത്
മറെറാരു പ്രകാശം, നിശ്ചല ദീപ്തി, തിളങ്ങുന്നു
ണ്ടെന്നറിഞ്ഞിട്ടുള്ള നമ്മൾ

മരണത്തിനു മുൻപ് വേറെ എന്തറിയണം നമുക്ക്?
അരുണാഭമായ ഓരോ അഭിലാഷത്തിന്റെയും വക്കിൽ
ഒരു ഭിത്തിപോലെ മരണത്തിന്റെ ധൂസരമുഖം
ഉയരുന്നതു നമുക്കറിഞ്ഞുകൂടേ?
ഭൂമിയുടെ സ്വർണവും സ്വപ്നങ്ങളും
പ്രശാന്തമായ സമതുലനത്തിലെത്തി
മായികമായ ആവശ്യത്തിനറുതി വരുത്തുന്നു.

മരണത്തിനു മുൻപ് വേറെ എന്തറിയണം നമുക്ക്?
സൂര്യൻ മരിക്കുമ്പോൾ പറവകൾ നിലവിളിക്കുന്നതു
നാം കേട്ടിട്ടില്ലേ?
മൂടൽമഞ്ഞിൽ കാക്ക കുറുകെപ്പറന്നുപോകുന്നതു നാം
കണ്ടിട്ടുമില്ലേ?

(മൃത്യുർ ആഗേ : ധൂസരപാണ്ഡു ലിപി)

## കഴുകൻമാർ

ഏഷ്യയുടെ ആകാശങ്ങളിൽ കുറുകെ
അപരാഹ്നദീപ്തിയിലൂടെ ചിറകു വീശി
വിശാലമായ ഒരു പാടത്തുനിന്ന് മറ്റൊന്നിലേക്ക്
കഴുകൻമാർ പറന്നെത്തുന്നു.
നിശ്ശബ്ദ മൈതാനങ്ങളിൽനടക്കുന്നു
മനുഷ്യച്ചാളകളിൽനിന്നകലെ.

ഭൂമിയുടെ ദൃഢമൗനം മറ്റൊരാകാശംപോലെ
പരന്നുകിടക്കുന്നിടത്ത്
കനത്ത മേഘങ്ങളിൽനിന്ന് മൃദുവായി വന്നിറങ്ങുന്നു
കഴുകൻമാർ — ആകാശദിശകളുടെ ആനക്കാവൽക്കാർ
പുകകൊണ്ടു വലഞ്ഞ് വിദൂരപ്രകാശത്താൽ വഴി
തെറ്റി
വയലിലടിഞ്ഞുവീണ്, ഒരു നിമിഷം മാത്രം മരിച്ച്,
വീണ്ടും ശ്യാമപത്രികളായ ശ്യാമവൃക്ഷങ്ങളിൽ
കയറിപ്പറ്റി
കുന്നിൽനിന്ന് കുന്നിലേയ്ക്കൊഴുകിച്ചെന്ന്,
പുറംകടൽവരെയെത്തി,
ഇരുളിൽ ബോംബേത്തുറമുഖത്തൊത്തുചേരുന്ന
കപ്പലുകളെ നോക്കുന്നു

ഭൂമിയിലെ പക്ഷികളുടെ മേഖലയ്ക്കു വെളിയിൽ
ഏതോ വിലാപഗോപുരത്തെ ചുഴന്നു പറന്ന്
അവ്യക്തമൃത്യുവിന്നപ്പുറം ചിറകുവീശിച്ചെന്ന്
വിസ്മൃതിയുടെ നദിയാണോ, ജീവിതവിച്ഛേദ
ത്തിന്റെ മങ്ങിയ തടാകമാണോ
ആഴത്തിൽ വിലപിക്കുന്നതും... അനേകങ്ങൾ
നീലിമയിൽ അലിഞ്ഞുപോകുന്നതു നോക്കുന്നതും?

(ശകുൻ : ധൂസരപാണ്ഡുലിപി)

## ബനലതാസെൻ

ഭൂമിയുടെ വഴികളിൽ യുഗങ്ങളായി ഞാൻ അലഞ്ഞു
നടന്നിട്ടുണ്ട്.
ലങ്കാസമുദ്രം മുതൽ മലയാ ജലസന്ധിവരെ

അനന്തമായ രാത്രിയിൽ ഏകനായി ഞാൻ
സഞ്ചരിച്ചിട്ടുണ്ട്
കാലത്തിന്റെ ഇരുണ്ട ഇടനാഴിയിലൂടെ
ബിംബിസാരന്റെയും അശോകന്റെയും അതിലും
ഇരുണ്ട
വിദർഭയുടെയും മൂടൽമഞ്ഞിലൂടെ ഞാൻ
നടന്നിട്ടുണ്ട്.
എന്റെ തളർന്ന ആത്മാവിനു ചുററും ക്രുദ്ധമായ
തിരമാലകൾ
ഇപ്പോഴും ചീറിയലറുന്നു
ഞാനെന്റെ മനഃശാന്തി ആകെ അറിഞ്ഞത്
നാട്ടോറിലെ ബനലതാസെന്നിനോടൊത്തു മാത്രം.

അവളുടെ മുടി വിദിശയിലെ നിശപോലെ ശ്യാമം
അവളുടെ മുഖമോ ശ്രാവസ്തിയിലെ ശില്പം
കൊടുങ്കാററിനുശേഷം പങ്കായം നഷ്ടപ്പെട്ട നാവികൻ
ദലവലയിതമായ ഒരു ദ്വീപിന്റെ ശാദ്വലഹരിത
ഹൃദയം
പെട്ടെന്നു കണ്ടെത്തിയാലെന്നപോലെ ഞാൻ അവളെ
കണ്ടു.
"എങ്ങുപോയിരുന്നിക്കാലമത്രയും" എന്ന് അവൾ
ചോദിച്ചു,
നാട്ടോറിലെ ബനലതാസെൻ—
അവളുടെ കിളിക്കൂടൻ കണ്ണുകൾ കൊണ്ടതിൽ
കൂടുതലും.
തുഷാരപദപാതംപോലെ വന്നെത്തുന്നു സന്ധ്യ
ചൂടുള്ള സൂര്യന്റെ ഗന്ധം ചിറകിൽനിന്നു
തുടച്ചുമാററുന്നു മലംകാക്ക.
ലോകത്തിന്റെ ശബ്ദങ്ങൾ മരിച്ചടിയുന്നു.
അഗ്നിശലഭങ്ങളുടെ ദീപ്തിയിൽ നിശയുടെ
കെട്ടുകഥകൾ
മെനഞ്ഞെടുക്കാൻ തയാറെടുക്കുന്നു കയ്യെഴുത്തുപ്രതി.
എല്ലാ കിളിയും കൂടണഞ്ഞു, എല്ലാ നദിയും
കടലിലെത്തി
അന്ധകാരം മാത്രമവശേഷിക്കുന്നു—
ബനലതാസെൻ വരാനുള്ള സമയം.

(ബനലതാസെൻ: ബനലതാസെൻ)

## ഓറഞ്ച്

ഒരിക്കൽ മൃതനായാൽ പി-
ന്നെത്തുമോ ഭൂമിയിങ്കൽ ഞാൻ?
എങ്കിലിങ്ങനെയാവട്ടെ:
ഒരു ഹേമന്തരാത്രിയിൽ
ആസന്നമൃത്യുവിൻ ശയ്യ-
യ്ക്കരികത്തായി മേശമേൽ
പാതിതിന്നിട്ടൊരോറഞ്ചിൻ
ലോല ശീതള മാംസമായ്.

(കമലാലെബൂ: ബനലതാസെൻ)

## സുചേതന

സാന്ധ്യതാരം പോലെ വിദൂരമായ
ഒരു ദ്വീപാണുനീ, സുചേതനാ,
ശാന്തി വീശുന്ന ലവംഗമരക്കാടുകളിൽ
അങ്ങവിടെ
ഭൂമിയുടെ രക്തവും സംഘർഷവും മഹത്വവും
സത്യം തന്നെ; എങ്കിലും അതവസാന സത്യമല്ല.
ഒരു ദിവസം കൽക്കത്ത സ്വർഗത്തിൻെറ
അഭിമാനമായ്ക്കൊള്ളട്ടെ;
എങ്കിലും എൻെറ ഹൃദയം നിൻെറതായിരിക്കും.
ഞാൻ പാടുപെട്ടു, നടന്നു നടന്നു കാൽ കുഴഞ്ഞു
മനുഷ്യന് അവൻേറതായതെല്ലാം നൽകാൻവേണ്ടി
എരിയുന്ന വെയിലത്തു നടന്നലഞ്ഞു ഞാൻ
ക്ഷീണിച്ചു.
എങ്കിലും മനുഷ്യനെ സ്നേഹിക്കാൻ പാടുപെട്ട്
എൻെറ സ്വന്തം ചോരയും മാംസവുമായ മനുഷ്യനെ
ഞാൻ കാണുന്നു.
എൻെറ കയ്യാൽ കൊല്ലപ്പെട്ട് മരിച്ച്
ചിതറിക്കിടക്കുന്നു.
ലോകം രോഗഗ്രസ്തം, ദുഃഖമഗ്നം,
എങ്കിലും നാമതിൻെറ അധമർണർ, അങ്ങനെതന്നെ
തുടരും.

പൊരിയുന്ന വെയിലത്ത് മരണത്തിന്റെ
വിളവുംപേറി
തുറമുഖങ്ങളിൽ നങ്കൂരമിടുന്ന കപ്പലുകൾ ഞാൻ
കണ്ടു.
എണ്ണിയാൽ തീരാത്ത ജീവികളുടെ ശവക്കൂനകൾ
മരിച്ച മാംസം സ്വർണത്തകിടാക്കിയ അദ്ഭുതം
നമ്മെ നിശ്ശബ്ദരാക്കുന്നു
ബുദ്ധനെയും കൺഫ്യൂഷ്യസിനെയും
നിശ്ശബ്ദരാക്കി യതുപോലെ
എങ്കിലും ചോരപുരണ്ട ഭൂമി
നിരന്തരമായി ഒച്ചവെച്ചു നമ്മെ വിളിക്കുന്നു

ജീവിതപ്പാത ഇതാണ്, സുചേതനാ,
മോക്ഷത്തിന്റെ പാത
പക്ഷെ അനേകം നൂററാണ്ടുകളും
അനേകം മഹാപ്രയത്നങ്ങളും കഴിഞ്ഞ്
വെയിൽചൂടാർന്ന ഈ കാററിന് എന്തുന്മേഷം;
ഇതുപോലെ നല്ല ജീവിതം നാം പടുത്തുയർത്തും
നമ്മുടെ തളർന്നു തളരാത്ത കയ്കൾ കൊണ്ട്
പക്ഷെ ഇപ്പോഴല്ല; ആ ദിവസം വരും.

ഈ നല്ല ഭൂമി
ഒരു മനുഷ്യഗൃഹത്തിൽവന്നു പിറക്കാനെന്നെ
ക്ഷണിച്ചു
ഞാനും, അരുതെന്നറിയാമായിരുന്നെങ്കിലും, വന്നു.
ഇതിന്റെയർത്ഥം എനിക്കിപ്പോഴറിയാം
കാരണം, എന്റെ വിരൽത്തുമ്പുകൊണ്ട്
ഞാൻ സ്പർശിച്ചിട്ടുണ്ടല്ലോ
പ്രഭാതത്തിൽ ഇലയിൽ കാണുന്ന ആ മഞ്ഞുതുള്ളി.

ഞാൻ കണ്ടതാണു നടക്കാൻ പോകുന്നത്.
നടക്കാൻ പോകുന്നതാണ്.
നടക്കാൻ വിധിക്കപ്പെടാത്തതായി കാണുന്നത്.
നിത്യമായ അന്ധകാരത്തിൽ നിതാന്തമായ
സൂര്യോദയം

(സുചേതന: ബനലതാസെൻ)

## ബാബിലോൺ തെരുവുകൾ

നഗരവീഥികളിൽ ഏകനായി എന്നെ തൂണോടു തൂൺ
നടത്തിയത് ഏതസ്ഫുടമന്ത്രണമായിരുന്നു
എന്നെനിക്കറിഞ്ഞുകൂടാ.

അത്രയ്ക്കാത്മവിശ്വാസത്തോടെ ആയിരുന്നു
ട്രാം വണ്ടിയും ബസ്സും പോകുന്നതു ഞാൻ
നോക്കിയത്,
പിന്നീട്, ദിനാന്തത്തിൽ, നിദ്രാലോകത്തിലേക്കു
കയറുന്നതും.
രാത്രി മുഴുവൻ ഗ്യാസ്വിളക്കുകൾ സ്വന്തം
കർത്തവ്യമനുഷ്ഠിക്കുന്നു
ആർക്കും തെററുപററുന്നില്ല, കല്ലും വീടും ജനലും
കൂരയും
എല്ലാം അവസാനം ആകാശത്തിന്റെ കീഴിൽ
കണ്ണടയ്ക്കുന്നു.
രാത്രിയുടെ മൃതവീഥികളിൽ നടക്കുമ്പോൾ
അവയുടെ പ്രശാന്തത എന്റെ എല്ലിൽ ഞാനറിയുന്നു.
ഗോപുരമുകളിൽ എല്ലാവരും ഒത്തുകൂടുന്നതു
ഞാൻ നോക്കി.
അതിനേക്കാൾ ലളിതവും ഹൃദയസ്പൃക്കുമായ
ഒരു സംഭവം
ഞാൻ കണ്ടിട്ടില്ല. ഗോപുരങ്ങൾ തിങ്ങിയ
താരാസങ്കീർണനഗരം
കണ്ണു താഴോട്ടുചെന്ന് എരിയുന്ന സിഗററു കുററി
യെടുക്കുന്നു–
കാററിലടിച്ചു നീങ്ങുന്ന വയ്ക്കോൽത്തുരുമ്പ്.

കണ്ണടച്ച് ഞാൻ ഒരുവശത്തേക്കു മാറുന്നു.
ചെമ്പിച്ചു വാടിയ ധാരാളം ഇലകൾ മരംപൊഴിക്കുന്നു.
അവർ ഓടിരക്ഷപ്പെട്ടു. അങ്ങനെ രാത്രിയുടെ
നിശ്ശബ്ദതയിൽ
ബാബിലോണിലെയും കൽക്കത്തയിലെയും
തെരുവുകളിലൂടെ ഞാൻ നടന്നിട്ടുണ്ട്—
''എന്തുകൊണ്ട്''?

ശതകങ്ങൾക്കുമുൻപ് അറിയാമായിരുന്നതിൽ
കൂടുതലൊന്നും
ഇപ്പോഴറിഞ്ഞുകൂട.

(പഥ് ഹാം•ടാ: ബനലതാസെൻ)

## ശവം

ഇല്ലിക്കാട്ടിൽ വെള്ളിച്ചന്ദ്രൻ നനഞ്ഞു
കിടക്കുമ്പോൾ
അനേകം കൊതുകുകൾ ആശാപൂർവ്വം വീടുകെട്ടി
യിരിക്കുമ്പോൾ
സ്വയം പൊതിഞ്ഞുകെട്ടി, അഭിലാഷത്തിന്റെ
മൗനത്തിൽ
ഇരുന്ന്, സ്വർണമൽസ്യം നീലക്കൊതുകുകളെ
വെട്ടിവിഴുങ്ങുന്നസമയത്ത്
ലോകത്തിന്റെ ഈ അകന്ന കോണിൽ
നിശ്ശബ്ദ മൽസ്യത്തിന്റെ നിറത്തിൽ വരച്ചിട്ട നദി
അഗാധവും ഏകാന്തവുമായി കിടക്കുന്നു.
പാടത്തിനുതൊട്ടടുത്ത് പൊക്കമുള്ള പുല്ലിന്നടിയിൽ
കിടന്ന്
നദീജലം വിളറിച്ചെമന്ന മേഘത്തിൽ നിസ്തബ്ധം
തുറിച്ചുനോക്കുന്നു.
അഥവാ, താരകാകീർണമായ ആകാശത്തിലെ
അന്ധകാരം
നീലമുടിക്കെട്ടുള്ള സ്ത്രീ ശിരസ്സുപോലെ
കാണുന്നു.

ഭൂമിക്കു മററു നദികളുണ്ട്; പക്ഷെ ഈ നദി
ചെമന്ന മേഘമാണ്, പലതായി കഷണിച്ച
മഞ്ഞനിലാവ്.
മറെറല്ലാ പ്രകാശവും മറെറല്ലാ അന്ധകാരവും
ഇവിടെയാണവസാനിച്ചത്
രക്ത നീലമൽസ്യവും മേഘവും മാത്രം
അവശേഷിക്കുന്നു.

ഇവിടെ എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു
മൃണാളിനി ഘോഷാലിന്റെ ശവം
രക്തനീലം, രജതാഭം, നിശ്ശബ്ദം.

(ശവ്: മഹാപൃഥിബി)

## പൂച്ച

പതിവായ് പകലത്താപ്പൂച്ചയെക്കാണുന്നു ഞാൻ
വെളിയിൽ വെയിലത്തും മാമരത്തണലത്തും
തേനീച്ചക്കൂട്ടംപോലെ തന്നത്താൻ പൊതിയുന്നു.
സാന്ദ്രശീതള പത്രച്ഛായയിൽ കിടക്കുന്നു.
ഏതാനും മീനെല്ലുകൾ നേടിയ ജയം ഘോഷി-
ച്ചീയസ്ഥിവെളുപ്പാർന്ന ഭൂമിയെത്തഴുകുന്നു.

(ബിറാൽ: മഹാപൃഥിബി)

## എട്ടുകൊല്ലം മുൻപ് ഒരു ദിവസം

അയാളെ ശവപ്പുരയിലേക്കെടുത്തുവെന്ന് അവർ
പറഞ്ഞു.
മരണത്തോടുള്ള അഭിനിവേശം അയാളിൽ
തള്ളിക്കയറിയപ്പോഴേക്കും ചന്ദ്രൻ
അസ്തമിച്ചിരുന്നു.
ഇന്നലെ പഞ്ചമി രാത്രിയിൽ ഇരുട്ടു പരന്നു
കഴിഞ്ഞിരുന്നു.

അയാളുടെ തൊട്ടടുത്ത്തന്നെ വധുവും ശിശുവും
എന്നിട്ടും പ്രേമത്തിനും പ്രത്യാശയ്ക്കും അപ്പുറം
അയാൾ നിലാവിൽ ഏതു പ്രേതത്തെയാണു കണ്ടത്?
അയാൾ എങ്ങനെ ഉണർന്നു?
അധികം ഉറങ്ങിയില്ലേ? ഉറങ്ങാൻ ഇച്ഛിച്ചില്ലേ?

അത് ഇച്ഛാനിദ്രതന്നെ ആയിരുന്നോ?
ഇനി ഒരിക്കലും ഉണരാത്തവിധം
ഇരുണ്ടമാളത്തിൽ കഴുത്തുതള്ളിക്കയററി
വായിൽ ചോരപതയുന്ന പ്ലേഗെലിയുടെ നിദ്ര?

''ഒരിക്കലുമുണരാതിരിക്കാൻ,
അറിവിന്റെ അസഹനീയഭാരമൊരിക്കലു
മറിയാതിരിക്കാൻ
എപ്പോഴും അറിഞ്ഞുകൊണ്ട്—ഒരിക്കലും''—
ചന്ദ്രൻ അസ്തമിച്ചശേഷം
ഒട്ടകത്തിന്റെ കഴുത്തുപോലെ ജനലിങ്കൽ
ഇഴഞ്ഞെത്തിയ
ഒരു നിശ്ശബ്ദത അയാളോട് അങ്ങനെ പറഞ്ഞു.

എങ്കിലും മൂങ്ങ ഉണർന്നിരിക്കുന്നു, ജീവിക്കാൻ
മോഹിക്കുന്നു,
മറെറാരു പ്രഭാതത്തിന്റെ പ്രത്യാശയിലേക്കു
ഉററുനോക്കി
വൃദ്ധനായ തവള രണ്ടു നിമിഷംകൂടി യാചിക്കുന്നു.

തന്റെ ശ്രമങ്ങളെ പരാജയപ്പെടുത്തുന്ന വലയ്ക്കു
ചുററും
കൊതുകിന്റെ നൈരാശ്യജന്യമായ നിലവിളി ഞാൻ
കേൾക്കുന്നു.
ജീവിതത്തോട് പ്രേമപൂർവം ബന്ധിക്കപ്പെട്ട്
ഇരുട്ടത്ത് ഏകാന്തധ്യാനം നോററുകൊണ്ടിരിക്കെ.

തുപ്പലും ചോരയും മലവും
ഇവയിൽനിന്ന് ഈച്ച വെയിലത്തേക്കു പറക്കുന്നു
ഷഡ്പദച്ചിറകുകൾകൊണ്ടു തിളങ്ങുന്ന
പൊൻവെയിലത്തേക്ക്.
താഴ്ന്നു പററിക്കിടക്കുന്ന ആകാശംപോലെ
സർവവ്യാപി ജീവിതം അവരെ പിടിയിലൊതുക്കുന്നു
കുട്ടിയുടെ ഞെരുക്കുന്ന കൈകളിൽകിടന്നു
പുൽച്ചാടികുതറുന്നു
എങ്കിലും ചന്ദ്രൻ അസ്തമിച്ചശേഷം കയ്യിൽ
കയറുമായി

ഇരുട്ടിൽ ആൽമരം നോക്കി നീ പോയി
(മനുഷ്യനുള്ളതല്ലല്ലോ ഷഡ്പദത്തിന്റെ ജീവിതം)

ആൽമരച്ചില്ല പ്രതിഷേധിച്ചില്ലേ?
സ്വർണപുഷ്പങ്ങളിൽ അഗ്നിശലഭങ്ങൾ
ആർത്തുകൂടിയില്ലേ?

അന്ധനായ കിഴവൻ മൂങ്ങ പ്രഖ്യാപിച്ചില്ലേ:
"ചന്ദ്രൻ അസ്തമിച്ചുകഴിഞ്ഞസ്ഥിതിക്ക്
എലിയെപ്പിടിക്കാനുള്ള സമയമായി" എന്ന്.
ഈ വിജ്ഞാനം മൂങ്ങ നിൻെറ കാതിൽ
ഓതിത്തന്നില്ലേ?
ഈ ജീവിതാവബോധം, വിളഞ്ഞ ധാന്യത്തിൻെറ
ഗന്ധം
ഈ ശരത്കാലസന്ധ്യയിൽ നീ നിരസിച്ചുകളഞ്ഞു.
ആത്മാവിൻെറ വേദനകളിൽനിന്ന് അഭയംതേടി
ചോരപുരണ്ട വായുമായി ചതഞ്ഞരഞ്ഞ
എലിയെപ്പോലെ
മരിക്കാൻ വേണ്ടി.

മരിച്ചവരുടെ കഥ ഇനിയും കേൾക്കൂ.
പ്രേമപരാജയമല്ല,
വിവാഹജീവിതത്തിൽ അടയാത്ത വിടവൊന്നു
മുണ്ടായിരുന്നില്ല.
കാലത്തിൻെറ കടയലിൽ നിത്യവും മനസ്സിൽ
ശരിയായ തോതിൽ തേനൂറിനിന്നു.
ദരിദ്രൻെറ ജ്വരബാധയേററു വിറകൊള്ളാത്ത ശരീരം.
എങ്കിലും മരിച്ചു കഴിഞ്ഞു.
മേശപ്പുറത്തു വിരിച്ചിട്ടിരിക്കുന്നു, ശവപ്പുരയിൽ.

നമുക്കറിയാം, ഇല്ലേ?
പ്രേമവും സ്ത്രീഹൃദയവും ശിശുസ്പർശവും
വീടിൻെറ ചൂടും
മാത്രം പോരാ മനുഷ്യന് എന്ന്?
എല്ലാ നേട്ടത്തിനും ഐശ്വര്യത്തിനും അപ്പുറം
നമ്മെയെല്ലാം ഉള്ളിൽനിന്നേ ശൂന്യമാക്കി
വടിച്ചുകളയുന്ന
എന്തോ ഒന്ന് നമ്മുടെ രക്തത്തിൽ കുടികൊള്ളുന്നു.
നമുക്കറിയാം, ശവപ്പുര അതെല്ലാം
അവസാനിപ്പിക്കുന്നു.
മേശപ്പുറത്ത് വിരിച്ചു വിതിർത്ത്—അവിടെ
നീ കിടക്കുന്നു.

എങ്കിലും ഓരോ രാത്രിയിലും ഞാൻ ആൽപ്പിള്ളയിലെ
കിഴവൻ മൂങ്ങയെനോക്കുന്നു, കേറക്കുന്നു
(ഇവിടെയതു കണ്ണുരുട്ടുന്നു)
''ചന്ദ്രൻ അസ്തമിച്ചുകഴിഞ്ഞ സ്ഥിതിക്ക്
എലിയെപ്പിടിക്കാനുള്ള സമയമായി''.

മുത്തശ്ശാ, എന്റെ ഗംഭീരനായ മുത്തശ്ശാ,
ഞാനും അങ്ങയെപ്പോലെ ജീവിച്ചു വൃദ്ധനാകും!
കിഴവൻ ചന്ദ്രനെ ഞാൻ പ്രളയജലംകൊണ്ടു
കഴുകിക്കളയും.
അങ്ങനെ അന്ധകാരം വന്നിറങ്ങുമ്പോൾ
നമ്മൾ രണ്ടുപേരും കൈകോർത്തുപിടിച്ച്
കൊള്ളയടിച്ച്
സമ്പന്നലോകത്തെ ശൂന്യമാക്കും.

(ആഠ് ബഛ്ര് ആഗേർ ഏക് ദിൻ: മഹാപൃഥിബി)

## കാററുള്ള രാത്രി

ഇന്നലെ രാത്രി ഭയങ്കരമായ കാററുണ്ടായിരുന്നു.
ധാരാളം നക്ഷത്രങ്ങളും.
രാത്രി മുഴുവൻ തലയ്ക്കുമീതേ എന്റെ കൊതു
വലയുമായി കളിക്കുകയായിരുന്നു കാററ്
ചിലപ്പോൾ കാലവർഷക്കടൽപോലെ ഊതിവീർപ്പിച്ചു
ചിലപ്പോൾ കിടക്കയിൽനിന്നു പറിച്ചെടുത്ത്
നക്ഷത്രങ്ങളിലേക്കു പറപ്പിച്ചു.

ചിലപ്പോൾ—പാതിയുണർന്ന എനിക്കുതോന്നും
വല എനിക്കു മുകളിലല്ല, നീലക്കടലിനുമീതേ
നക്ഷത്രങ്ങൾക്കും അപ്പുറത്തേക്ക് വെളുത്ത
ബലൂൺപോലെ
പറക്കുകയാണത്.

മരിച്ച നക്ഷത്രങ്ങളെല്ലാം ഇന്നലെ രാത്രി
ജീവൻ വീണ്ടെടുത്തു.
എല്ലാവരെയും ഉൾക്കൊള്ളാൻ ആകാശത്തു
സ്ഥലമില്ലായിരുന്നു

മരിച്ചുപോയ പ്രിയപ്പെട്ടവരുടെ മുഖങ്ങൾ
നക്ഷത്രങ്ങളുടെ യിടയിൽ ഞാൻ കണ്ടു.
അരയാൽച്ചില്ലയിലെ പ്രേമാർദ്രയായ പരുന്തിന്റെ
മഞ്ഞിൻതണുപ്പാർന്ന കണ്ണുകൾപോലെ
ഇരുട്ടിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ.

വിശാലമായ ആകാശം ആകെ മിനുങ്ങുകയായിരുന്നു
ബാബിലോൺ രാജ്ഞിയുടെ ചുമലിൽ കിടക്കുന്ന
പുലിത്തോലുത്തരീയംപോലെ
അത്രയ്ക്കദ്ഭുതകരമായ രാത്രിയായിരുന്നു
ഇന്നലെ രാത്രി.

സഹസ്രാബ്ദങ്ങൾക്കുമുൻപേ മരിച്ചുപോയ
നക്ഷത്രങ്ങൾ
താന്താങ്ങളുടെ മൃതാകാശവുംപേറി
ഇന്നലെ രാത്രി ജനൽവഴി ഒളിഞ്ഞുനോക്കി
അസിറിയയിലും ഈജിപ്തിലും വിദിശയിലും
നശിക്കുന്നതായി ഞാൻ കണ്ട സുന്ദരിമാർ
കയ്യിൽ കുന്തവുമേന്തി ആകാശത്തിന്റെ മൂടൽമഞ്ഞു
പുശിയവക്കിൽ
വരിവരിയായി നിന്നിരുന്നു.

മരണത്തെക്കീഴ്പ്പെടുത്താനോ? ജീവിതത്തിന്റെ
വിജയം ആഘോഷിക്കാനോ?
പ്രേമത്തിനു ഗംഭീരസ്മാരകങ്ങൾ പണിയിക്കാനോ?
രാത്രിയുടെ ദണ്ഡനമേററ് കീറിപ്പറിഞ്ഞമ്പരന്നു
നിൽക്കുകയാണു ഞാൻ.
ആകാശത്തിന്റെ അനന്തവിസ്തൃതിയാർന്ന
ചിറകുകൾക്കടിയിൽ
ഭൂമി ഒരീച്ചയെപ്പോലെ തുടച്ചുനീക്കപ്പെട്ടു.

മഞ്ഞ ജ്വാലകളാർന്ന പുൽമേടുകളിൽ
സിംഹഗർജനംകേട്ട് കുതിച്ചോടുന്ന ആയിരം
വരയൻ കുതിരകളെപ്പോലെ
കൊടുങ്കാററുകൾ ആകാശഗർത്തത്തിൽനിന്നും
താഴോട്ടിറങ്ങി

എന്റെ ജനാലയ്ക്കൽ വന്നലറിനിന്നു.
എന്റെ മനസ്സുനിറയെ പുൽമേടുകളിലെ
പച്ചപ്പുൽമണമാണ്.
അനന്തമായ പാടങ്ങൾ കുറുകെനിന്നെരിയുന്ന
സൂര്യഗന്ധമാണ്
സംഭോഗമദംപൂണ്ട സിംഹിയുടെ ഗർജനംപോലെ
അന്ധകാരത്തിന്റെ രോമാവൃതവന്യമഹാ
ലഹരികൊണ്ടും
ജീവിക്കലിന്റെ നീലരൂക്ഷവിദലനോന്മാദം
കൊണ്ടും.

എന്റെ ഹൃദയം ഭൂമിയിലെ കെട്ടുപാടുകൾ
പൊട്ടിച്ചെറിഞ്ഞു
നീലാകാശത്തിനു കുറുകെ വീർത്തു ലക്കില്ലാത്ത
ബലൂൺ പോലെ
ആകാശത്തിനു നേർക്കുവലിച്ചെറിഞ്ഞ വിദൂര
നക്ഷത്രസ്തൂപംപോലെ
ഒരു കഴുകനെപ്പോലെ ഉൻമത്തരും.

(ഹാവാർ രാത്: മഹാപൃഥിബി)

## വന്യഹംസങ്ങൾ

മൂങ്ങയുടെ നരച്ച ചിറകുകൾ നക്ഷത്രങ്ങളുടെ
നേർക്ക് തിരിയുന്നു.
ചന്ദ്രന്റെ ശ്രദ്ധ ആകർഷിച്ചുകൊണ്ട് ചതുപ്പു
നിലത്തിനു കുറുകെ
വന്യഹംസങ്ങൾ പറന്നു വരുന്നു.
പരശ്ശതം ചിറകുകകളുടെ ഉയർന്നുവരുന്ന
മർമ്മരശബ്ദം
ചെവികളെ ആക്രമിക്കുന്നു.
രാത്രിയുടെ വക്കുനീളെ യന്ത്രംപോലെ ശബ്ദിച്ച്
അവയുടെ ദ്രുതപക്ഷങ്ങൾ രാത്രിയിലേക്കു
പറക്കുന്നു
നക്ഷത്രങ്ങൾ നിറഞ്ഞ വിശാലതയെയും
ഹംസദേഹഗന്ധത്തെയും കുറെ ഭാവനാഹംസങ്ങളെ
യും പിന്നിൽ വിടുന്നു.

വിസ്മൃത ഗ്രാമങ്ങളിലെ മങ്ങിയ ഭൂതകാലത്തിൽ
നിന്ന്
പെട്ടെന്നു ദൃഷ്ടിപഥത്തിൽ വരുന്നു,
അരുണിമസന്യാലിന്റെ മുഖം.
പറക്കൂ, ഈ ഹേമന്തചന്ദ്രികയിൽ നിശ്ശബ്ദമായി
പറന്നകലൂ
ഹേ ഭാവനാഹംസങ്ങളേ, ലോകത്തിലെ
ശബ്ദങ്ങളെല്ലാം
അടങ്ങിയ ശേഷവും പറന്നുകൊണ്ടിരിക്കൂ
ഹൃദയത്തിന്റെ നിലാവണിഞ്ഞ നിശ്ശബ്ദതയിൽ
ആഴത്തിലേയ്ക്കു പറക്കൂ.

(ബുനോഹാംസ്–മഹാപൃഥിബി)

## യുഗങ്ങൾ അഗ്നിശലഭങ്ങൾ

കാലാന്ധകാരമധ്യേ
അഗ്നിശലഭതുല്യം കളിയാടുന്നു യുഗങ്ങൾ
മണൽപ്പുറത്ത് നിലാവു പരന്നൊഴുകുന്നു
ദീർഘങ്ങളായ ദേവദാരുക്കളുടെ നിഴലുകൾ
അനങ്ങാതെ കിടക്കുന്നു: നഷ്ടപ്പെട്ട രാജ്യത്തിന്റെ
തകർന്ന സ്തംഭങ്ങൾ
നിറം മങ്ങി മരിച്ച്, മൗനത്തിൽ മരവിച്ച്
ലോകത്തിന്റെ ശബ്ദങ്ങൾ അടങ്ങിക്കഴിഞ്ഞു
മരണത്തിന്റെ നിദ്രയിൽ പൊതിഞ്ഞിരിക്കയാണു
നമ്മുടെ ശരീരം
വായുവിൽ മരണത്തിന്റെ അസ്ഫുടഗന്ധം ഉണ്ട്.
അവ്യക്തമായ ഒരു ചലനം ഒരു ശബ്ദം ചോദിച്ചു:
''ഓർക്കുന്നോ?''
''ബനലതാസെൻ?'' ഞാൻ ചോദിച്ചു.

(ഹാസാർ ബഛർ ശു ഘു ഖേലാ കരേ: മഹാപൃഥിബി)

## ഹേമന്തരജനി

ഇത്തരം നിശകളിൽ മൃത്യുവന്നിഴഞ്ഞെത്തി
ഹൃത്തടം തന്നിൽ കേറും, വൃദ്ധനാം മൂങ്ങാ പാടും

കൊഴിയുമിലകളെ, മഞ്ഞുതുള്ളിയെപ്പററി.
നഗരം തീർന്നു നാട്ടിൻപുറമാരംഭിപ്പതി-
ന്നിടയിൽ ഗർജ്ജിക്കുന്നു സർക്കസ്സിൻ
വ്യാഘ്രാസിംഹം
ഹേമന്തരജനി തന്നാഴത്തിൽനിന്നും കുയിൽ
പാടുന്നു: വസന്തംപോ, യിനിയും വരുമെന്നും

എത്രയോ കുയിലുകൾ വൃദ്ധരാവതു കണ്ടേൻ
ഇത്തിരി ഞാനും വൃദ്ധപ്പക്ഷിയെപ്പോലാണല്ലോ.
ഗർജിപ്പൂ വീണ്ടും സിംഹം, സർക്കസ്സിൻ
വ്യാഘ്രാസിംഹം
നിദ്രാണൻ, നിത്യൻ, അന്ധൻ, അന്ധകാരത്തിൽ
പെട്ടോൻ.
ചത്ത മൽസ്യത്തിൻവാലിൽപ്പററും പായലിൽ നീളെ
ചുററുന്ന സമുദ്രത്തിൽ ജൻമാവശിഷ്ടം തേടി
നഷ്ടമായ് സർവം മൂടൽമഞ്ഞിലും വെള്ളത്തിലും
ഇനിയുമൊരിക്കലും കാടു കാണില്ലീ സിംഹം
ഇനിയുമൊരിക്കലും കുയിലിൻഗാനംപോലും
തകർന്ന യന്ത്രംപോലെ പൊടിഞ്ഞു ക്ഷണമായ്
ലയിക്കും താഴെ മൗനകാന്തപർവതത്തിൻമേൽ.
വിസ്മൃതിപ്പുഴ കെട്ടിപ്പിടിക്കും ഹേ വിശ്വമേ,
അപ്പുറം തിരിഞ്ഞു നീയുറങ്ങാൻ പോകൂ വീണ്ടും
വഴിയിൽ നിന്നെ കാത്തു നിൽപീലദ്ഭുതമൊന്നും
ഇനിയുമൊരിക്കലും ഇനിയും ഒരു നാളും

(ശീത രാത്: മഹാപൃഥിബി)

## ഈ ചെവികളിൽ

നക്ഷത്രങ്ങളെ നോക്കി
ഹൃദയവ്യഥയും താലോലിച്ച്
കവിത കോരിച്ചൊരിഞ്ഞ യുവാക്കൾ സ്ഥലംവിട്ടു.
ലോകത്തിലെ മൂകസുന്ദരികൾ അജ്ഞതാഭീതിയിൽ
ആ വാക്കുകൾ പകുതി കേട്ടു.

എന്നിട്ടും ഈ നിർജീവ ബധിര സുവർണ പിത്തള
വിഗ്രഹങ്ങളുടെ കാതിൽ
യുവാക്കൾ അനന്തമായ അമൃതവാണികൾ
കോരിച്ചൊരിഞ്ഞു—കഷ്ടം.
നക്ഷത്രങ്ങളെ നോക്കി
ഹൃദയവ്യഥയും താലോലിച്ച്.

(ഇഹാം ഭേരി കാനേ: മഹാപൃഥിബി)

## ശ്രാവണരാത്രി

കാലവർഷകരാളരാത്രിയിൽ
പതുക്കെ ഉണർന്നു കിടന്നു ഞാൻ.
വിദൂരതയിൽ വംഗസമുദ്രത്തിരയടികേൾക്കാം
ഭൂമിയുടെ വളവുകൾ ബാഹുബന്ധത്തിൽ ഒതുക്കി
നിർത്തി
സമുദ്രശബ്ദങ്ങൾ ശ്രദ്ധിക്കുന്നു
അനങ്ങാതെ കിടക്കുന്ന കറുത്ത ആകാശം
ആകാശത്തിന്റെ വിദൂരദീപ്ത പരിധിയിൽ
ഭീമാകാര കവാടങ്ങൾ തിരിഞ്ഞു തുറക്കുന്നതും
വീണ്ടും അടയുന്നതും.
ഞാൻ കേൾക്കുന്നു

തലയിണയിൽ തല ചേർത്തു അവർ ഉറങ്ങുന്നു.
നാളെ ഉണരാൻ വേണ്ടി.
അവരുണരുമ്പോൾ പതുക്കെ ചലിക്കുന്നു
നനവുള്ള പുരാതനശിലയിൽ ആഴത്തിൽ കൊത്തിവച്ച
ചിരിയുടെയും പ്രേമത്തിന്റെയും അസ്പഷ്ട
രേഖകൾ.
ഇളകാത്ത ഭൂമിയുടെ ആഴങ്ങളിൽനിന്ന്
അവരെന്നെ തേടിപ്പിടിച്ചെടുത്തു
രാത്രിയിലേക്കു കൊണ്ടുവരുന്നു.
ഉൾക്കടൽത്തിരയടി പെട്ടെന്നു നിൽക്കുന്നു
അനേകം മൈൽ ഭൂമി നിശ്ചലമായി കിടക്കുന്നു
ഒരു മൂടൽമഞ്ഞണിക്കൈ എന്റെ തോളിൽ
വയ്ക്കപ്പെടുന്നു.

ഒരു പിറുപിറുപ്പ് ഞാൻ കേൾക്കുന്നു
തിരിഞ്ഞു തുറക്കുകയും വീണ്ടും അടയുകയും
ചെയ്യുന്ന ആ വാതിലുകൾ
തൊടണമെങ്കിൽ എനിക്കു തൊടാമല്ലോ, ഇത്തരമൊരു
രാത്രിയിൽ

കണ്ണുയർത്തി ഞാൻ നോക്കുന്നു
എന്നെ വിഴുങ്ങുന്നു ഗുഹാ ജിഹ്വയിലേക്കു
ഇരുട്ടിന്റെ ഇരട്ടവാതിലിൽകൂടി
ഒരു ധൂസരമേഘംപോലെ ഞാൻ കയറിപ്പോകുന്നു.

(ശ്രാവണ രാത്: മഹാപൃഥിബി)

## സ്വപ്നം

മൺവിളക്കിന്റെ വെളിച്ചത്തിൽ ·
കയ്യെഴുത്തുപ്രതി എന്റെ മുന്നിൽ നിവരുന്നു.
ഇലകളിൽ മഞ്ഞുതുള്ളി പെയ്യുന്നത് കേട്ടുകൊണ്ട്
ഞാൻ മൗനമായി ഇരിക്കുന്നു.
ജനലിനു മേലെ വേപ്പുമരത്തിൽനിന്നു
ഒററയാൻ പക്ഷി മൂടൽമഞ്ഞിലേക്കു
പറന്നുപോകുന്നു
അതിന്റെ ചിറകടിയാണോ വെളിച്ചം കെടത്തുന്നത്?
ഇരുട്ടത്തു ഞാൻ തീപ്പെട്ടി തിരയുന്നു
ഞാൻ നിൽക്കുന്നു, കത്തിക്കുമ്പോൾ ആരുടെ
മുഖമാണ്
കാണുന്നതെന്നെനിക്കറിഞ്ഞുകൂടല്ലോ.

ഒരു പക്ഷെ നെല്ലിമരച്ചില്ലകൾക്കുപിന്നിൽ
ഒരിക്കൽ മാൻകൊമ്പുപോലെ വളഞ്ഞുമെലിഞ്ഞ
നീലച്ചന്ദ്രൻ
കണ്ട മുഖം, എന്റെ പുരാതന ഹസ്തലിഖിത
ഗ്രന്ഥം തഴുകിയ,
പക്ഷെ ലോകം ഇപ്പോൾ ഓർമ്മിക്കാത്ത മുഖം
എങ്കിലും ലോകത്തിലെ എല്ലാ വെളിച്ചവും
അവസാനമായി കെട്ടുപോകുമ്പോൾ

മനുഷ്യൻ ഇല്ലാതെയായി, മനുഷ്യസ്വപ്നംമാത്രം
ജീവിക്കുമ്പോൾ
ഈ മുഖവും ഞാനും ആ സ്വപ്നത്തിനുള്ളിൽ
ശയിക്കും.

(സ്വപ്ന: മഹാപൃഥിബി)

## ഹേ പരുന്തേ!

ഹേ പരുന്തേ, സ്വർണച്ചിറകുള്ള പരുന്തേ,
നദീതീരത്തു വട്ടംചുററിച്ചുഴററി
ഈ നനഞ്ഞ മേഘാവൃതമായ മധ്യാഹ്നത്തിൽ
ഇനിയും കേഴരുതേ.
കരിമ്പിൻകായ പോലെ വിളറിയ അവളുടെ കണ്ണുകൾ
നിൻെറ കേഴൽ ഓർമ്മയിൽ കൊണ്ടുവരുന്നു
ഭൂമിയിലെ കിന്നര രാജകുമാരിമാരെപ്പോലെ അവൾ
പോയ്ക്കഴിഞ്ഞു
തൻെറ അഴക് പിന്നിലുലയുമ്പോൾ—

എന്തിനവളെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നു?
എന്തിനു വേദനയുടെ അദൃശ്യസ്രോതസ്സുകൾ
സ്പർശിക്കുന്നു?

ഹേ പരുന്തേ, സ്വർണച്ചിറകുള്ള പരുന്തേ,
നദീതീരത്തു വട്ടംചുററിച്ചുഴററി
ഈ നനഞ്ഞ മേഘാവൃതമായ മധ്യാഹ്നത്തിൽ
ഇനിയും കേഴരുതേ!

(ഹായ്ചീൽ: മഹാപൃഥിബി)

## ഒൻപതരയന്നങ്ങൾ

എന്നും രാവിലെ വെള്ളത്തിൽ
ഒലീവിലപോലെ മൃദുവായ ഒൻപതരയന്നങ്ങളെ
ഞാൻ കാണുന്നു.

മുമ്മൂന്ന് ഒൻപതെന്നു യുക്തി
പക്ഷെ ഇവ ഒൻപതാകുന്നതു വെറും മായാശക്തി.

നദി അഗാധം, അപരിമേയം
വെളുത്തു നേർത്ത മേഘം അതിൽ മുങ്ങുന്നു
ആഴ്ന്നിറങ്ങി വീണ്ടും താഴുന്നു
എന്നിട്ടും കാലത്തിന്നറുതിയിലെത്തുന്നില്ല.

എല്ലാ വശത്തും പൊക്കമുള്ള പുല്ല് മൃദുശയ്യ
വിരിക്കുന്നു
നിശ്ചല ശരത്കാലജലം നീലാകാശമായി
മാറിയിരിക്കുന്നു.
അരയന്നക്കൂട്ടം സായാഹ്നപ്രകാശത്തിൽ ലയിക്കുന്നു
ഏതോ വിളറിയ പെണ്ണിന്റെ മടിയിൽ
അരിമലർനിറം വട്ടിയിൽനിന്നു വഴിഞ്ഞൊഴുകുന്നു.
പെട്ടെന്നു നദി നദിയായി മാറുന്നു
ഞാൻ ഒൻപതരയന്നങ്ങളെ സ്മരിക്കുന്നു.

(ഹാംസ്: മഹാപൃഥിബി)

## സൂര്യന്റെ തൽസ്വരൂപത്തിൽ

നിരന്തരസംഘർഷത്തിനു ശേഷം അപകടം
വന്നെത്തുന്നു,
പിന്നെയതു നമ്മെ കാര്യമായി സ്പർശിക്കുന്നില്ല.
വെറും മനസ്സിലാക്കലിന്റെ പ്രശ്നമായി അതു,
മാറുന്നു,
അതിലപ്പുറമൊന്നുമില്ല.
നദീജലം മണ്ണിലൂടെ ഒഴുകുന്നു
സൂര്യൻ ഇടയ്ക്കിടെ അതിൻമേൽ മിന്നിത്തിളങ്ങുന്നു.
വെള്ളിപ്പക്ഷി വെള്ളത്തിൻ മീതേ പറക്കുന്നു
പാലവും പട്ടണവും പാർപ്പിടവും
തകർത്തു പുതുക്കിപ്പണിയുന്ന രണ്ടു പോർവാളു
കളത്രേ
മരണവും കരുണയും.
വാറത്തലപോലെ മൂർച്ഛയുള്ള ആകാശം മേലെ.
ഏറെനാളായിട്ടങ്ങനെ ആയിരുന്നു
സൂര്യന്റെയും കാററിന്റെയും പരിരക്ഷയിൽ.

അതു കണ്ടവരെയും ഇഷ്ടപ്പെട്ടവരെയും
കാലം അതിന്റെ സന്ദർഭവിജ്ഞാനംകൊണ്ടു
വിൽപനയ്ക്കുവെച്ചു.
അവരെല്ലാം അപ്രത്യക്ഷരാകയും ചെയ്തു.
അതുകൊണ്ടു വരൂ നമുക്കിനിയും
നമ്മോടും നമ്മുടെ ലോകത്തോടും സംപൂർണ
സത്യസന്ധതയോടെ
തിളങ്ങാൻ തീരുമാനിക്കാം
കാലം പുതിയൊരു പ്രഭാതത്തിലേക്കു
നീങ്ങുകയാണോ?
ഹാ ഭൂമിയുടെ ചതുർദ്ദിശകളേ,
എവിടെയോ ഞാൻ പക്ഷിശബ്ദം കേൾക്കുന്നു
എവിടെയോ ഇനിക്കണ്ടെത്തേണ്ടും പ്രഭാതമുണ്ട്
മരണം മാത്രമല്ല —
പക്ഷെ മരണസാഗരത്തിനുപരി ദൃശ്യമായിട്ടുന്തു
ണ്ടോ അത്
അതിലൂടെ മുന്നേറി നാം കണ്ടുകഴിഞ്ഞു.
ചിലതൊക്കെ നാം മറന്നുപോയി, ചിലതോർമ്മിക്ക
പ്പെടുന്നു.
മണ്ണിൽനിന്നും ചോരയിൽനിന്നും ഭൂമിയുടെ
അഴുക്കിൽനിന്നും
നാം പിരിഞ്ഞുപോന്നതിനു ശേഷവും
ഇടയ്ക്കുള്ള ഇരുട്ടിൽപോലും
ദേവിടിശ്ശിയെ ഒഴിവാക്കി നാം
കാമുകനെ ചതി പഠിപ്പിച്ചു.
എല്ലാം നിർവികാരമായി, അല്ലേ?
വിപ്ലവകാരി സ്വർണത്തിലേക്കു തിരിയുന്നു
ആജീവനാന്തമൃത്യുവിൽ മുഴുകുന്ന കാമുകൻ
സാർത്ഥവാഹകസംഘത്തിന്റെ വിശിഷ്ട വിൽപന
വസ്തുക്കളിൽ
സായുജ്യം കണ്ടെത്തുന്നു.
അപ്പോൾ നാം കാണുന്നതിനപ്പുറത്തെവിടെയാണു
ജീവിതത്തിന്റെ അവധാരണം?

നിശ്ശബ്ദ മുഹൂർത്തത്തെ നാം കാത്തിരിക്കുന്നു;
സുദീർഘ സാഗര മുഗ്ദ്ധ വിദൂരതകൾ താണ്ടി

ചന്ദ്രോദയത്തിനു മുൻപ് പറക്കുന്നു പക്ഷികൾ
നമ്മളും അതുപോലെ ചന്ദ്രനെ മറന്നിട്ട് പറക്കണം
വെളിച്ചത്തിനു മുൻപുളള ഈ അനന്ത മുഹൂർത്തത്തിൽ
പറക്കണം.

പിന്നിലെ തിരമാല നമ്മെ ചതിച്ചു കടന്നുപോയി
മുന്നിൽ നിരക്കുന്നതു മരവിച്ച വിശാലസാഗരം
കീറിപ്പൊളിഞ്ഞ് ഉപ്പുമുറിവേററ ചിറകുമായി
പറന്ന്

രാജ്യദ്രോഹികളെപ്പോലെ ചിലരൊക്കെ
കടലിൻെറ ഇരുണ്ട വഴിത്താരകളിൽ നിലംപതിച്ചു.
ഇത്തരം മരണം എണ്ണമററതാണ്,
ആയിരിക്കയും ചെയ്യും.

"വ്യക്തികളുടെ മരണം അവസാനിപ്പിച്ച്
നമ്മളെല്ലാംതന്നെ മൃതരായിത്തീർന്നിരിക്കുന്നു"
അത്തരം മരണം നമ്മുടെ ഹൃദയത്തിൽ വേരൂന്നി
കഴിഞ്ഞു
ചരിത്രത്തിൻെറ അതിവിശാലതലം അവഗണിച്ച്
ഏററവും അധികം പിൻവാങ്ങിയ മനുഷ്യചേതനയുടെ
വക്കിലങ്ങോളമിങ്ങോളം
അവർ വീണ്ടുമുയരുന്നു
ആയിരത്തി തൊളളായിരത്തി നാൽപത്തിമൂന്നിൻെറ,
നാൽപത്തിനാലിൻെറ, അനന്തതയുടെ
നിരന്തര ശ്യാമസൂര്യപ്രകാശപ്രവാഹത്തിൽ.

(സൂര്യപ്രതിമ : സാതടിതാരാർ തിമിർ)

## പ്രൊഫസർ

ഒരു വിളർച്ചിരിയോടെ ഞാൻ പറഞ്ഞു:
"എന്താണ് സ്വന്തം കൈകൊണ്ടുതന്നെ കവിത
എഴുതാത്തത്?"
നിഴൽരൂപം മറുപടി പറഞ്ഞില്ല.
അതിലദ്ഭുതമില്ല, കാരണം അയാൾ കവിയൊന്നു
മായിരുന്നില്ല.

മഷിയും കയ്യെഴുത്തുപ്രതിയും സ്വന്തം കുറിപ്പുകളും ചേർന്ന
സുവർണസിംഹാസനത്തിൽ അമരുന്ന കാലാതീതമായ
ഒരു പൂർവാങ്കം മാത്രമായിരുന്നു അയാൾ.
അല്ലല്ല കവിയേ അല്ല, ഒരു പല്ലില്ലാ പ്രൊഫസർ മാത്രം.
അനന്തതയെ തേടുന്ന അയാൾ
ഒരു കാലത്തു ജീവിച്ചിരുന്ന,
ഇപ്പോൾ ഏതാണ്ട് മുഴുവനും മരിച്ച,
ആയിരത്തഞ്ഞൂറു കവികളുടെ എല്ലുവരെ പരിശോധിക്കുന്നതിനു
മാസം ആയിരത്തഞ്ഞൂറു കൈപ്പററുന്ന, അയാൾ
അവരുടെ മാംസവും പിടയ്ക്കുന്ന പുഴുക്കളും നാലു പാടും വിതറുന്ന അയാൾ
ഒരുകാലത്തു ജീവിതാഗ്നികൊണ്ടു കൈ ചൂടു പിടിപ്പിക്കാൻ ശ്രമിച്ചെങ്കിലും
വിശപ്പിൻെറയും പ്രേമത്തിൻെറയും വേദന അനുഭവിച്ചു
സ്രാവുകളൊത്തു കടലിൽ നീന്തുകയും ചെയ്തു.

(സമാരൂഢ് : സാതടി താരാർ തിമിർ)

## ഉല്ലാസവേള

ഇപ്പോൾ ഈ പകലറുതിയിൽ
കേവലം ശുദ്ധ തെണ്ടികളല്ലാത്ത മൂന്നു തെണ്ടികൾ
മനഃശാന്തി അനുഭവിക്കുന്നു.
ഒരു കവിൾ വായു കുടിച്ചിറക്കി
വഴിയരികിൽ അവർ നിൽക്കുന്നു
വേറൊരു കവിൾ വായുകൊണ്ട്
വിലയേറിയ വായ കഴുകുന്നു
വെളുത്തോടനും കഴുതയും
പരസ്പരം പുറത്തു കയറി രായികസഞ്ചാരം നടത്തുന്നു,

ജലപ്രതിബിംബം നോക്കി ചിന്തിക്കുന്ന,
ചെംപുഴനാട്ടിലേക്ക് പോകയാണവർ.

എങ്കിലും അവർ യാത്ര തിരിക്കുംമുൻപ്
മൂന്നു തെണ്ടികളും ഒന്നിച്ചുകൂടി
മൂന്നു പാത്രം ചായയ്ക്കു വട്ടമിട്ടിരിക്കുന്നു.
ഒരാൾ രാജാവായി ഭാവിക്കുന്നു, മറെറാരാൾ മന്ത്രിയായി,
മൂന്നാമൻ ഗംഭീര സേനാനായകൻ.
മൂന്നു മുടന്തൻ മാമൻമാരോടുള്ള സ്നേഹംകൊണ്ടോ
ചായയോടുള്ള മമതയിൽ ഉൾപ്പെടാൻ വേണ്ടിയോ
ഒരു തെണ്ടിപ്പെണ്ണ് അടുത്തുകൂടുന്നു.
നാലു ജോടി വായകളും ചെവികളും ഒന്നിച്ച്
ഒരു നാരകീയ ലയത്തിൽ മുഴുകുന്നു.
ജീവിതം കൂടുതൽ നിഷ്കൻമഷവും ദയാർദ്രവും ആക്കാനായി
ചായയ്ക്ക് അവർ പൈപ്പിൽനിന്നു വെള്ളമൊഴിക്കുന്നു
ഒരാൾ തലയാട്ടി പറഞ്ഞു:
''ഭർത്താവിൻെറ സഹോദരനോ സഹോദരൻെറ ഭാര്യയോ
തെണ്ടികൾക്കു ധർമ്മം കൊടുക്കുന്നില്ലെങ്കിൽ പിന്നെ
ചേത്‌ലാ ബസാറിൽനിന്നോ താലായിൽനിന്നോ
നല്ല വെള്ളം മാത്രം കൊണ്ടുവരുന്നതുകൊണ്ടെന്തു ഗുണം?''
അങ്ങനെ പറഞ്ഞുകൊണ്ട് ജടകുലുക്കിയാട്ടി
അവർ ആ ഒററയാൻ സ്ത്രീയെ നോക്കി
ചായക്കോപ്പയിലെ നീരാവിക്കിടയിൽ വന്നുപെട്ട
ഒരു പെൺപ്രേതമാണവളെന്നവർക്കു തോന്നി.
ഒരിക്കലൊരരയന്നമായിരുന്നിരിക്കാം
ഇപ്പോഴേതായാലും മുടന്തിത്താറാവു മാത്രം.
അവളുടെ പക്കൽ കപ്പുണ്ടായിരുന്നെങ്കിലും
അവർ വേറൊന്നെടുത്തു.
''ഞങ്ങൾക്കു പൊന്നും മററുമില്ലെങ്കിലും ആരുടെയും അടിമകളൊന്നുമല്ല ഞങ്ങൾ''.

ബെൻറിങ്ക് തെരുവിൻെറ പുഴക്കരയിൽ
കുത്തിയിരുന്നു
ലോകത്തിൻെറ സമ്പത്തു സ്വന്തം വിരലിൽ അവരെണ്ണി
യൊതുക്കുമ്പോൾ
ഒരു മുക്കിൽനിന്നു മററൊരു മൂക്കിലേക്കു കുതിക്കുന്ന
കൊതുകിൻെറ അമർഷം
അവരുടെ ഈ വാക്കുകൾ ജ്വലിപ്പിച്ചു.
മുടി കോതി ദേഷ്യപ്പന്താക്കിയുരുട്ടിക്കെട്ടി
ചെലവിനങ്ങളുടെ കാര്യകാരണങ്ങൾ അവർ
കണക്കാക്കി നോക്കി
കൊടുത്തതാർക്കെന്നും എന്തിനെന്നും
ആരെന്നും ഏതു സന്ധ്യാവേളയിലെന്നും
കണക്കപ്പിശാചുക്കൾ എങ്ങനെ പകവീട്ടുമെന്നും
മരിച്ചുകഴിഞ്ഞ ഒരാൾക്ക് സൗജന്യമായി
മൃതസഞ്ജീവനി നൽകിയാൽ
എന്തു സംഭവിക്കുമെന്നും ചർച്ച നടന്നു.
ഇനിയിപ്പോൾ അവർ പറക്കും നദിയുടെ
നാട്ടിലേക്കു പുറപ്പെടും
അവിടെ ചിന്താക്രാന്തനായ കുരങ്ങും പൊട്ടിയ എല്ലും
ഒരുമിച്ചു പുഴക്കരയിലെത്തി
ചിന്തിക്കാൻ സമയമുള്ളിടത്തോളംനേരം
പ്രതിബിംബങ്ങളെപ്പററി ചിന്തിച്ചിരിക്കും.

(ലഘുമുഹൂർത്തം, സാതടി താരാർ തിമിർ)

## മടങ്ങിവരൂ, സുരഞ്ജനാ

അങ്ങോട്ടു പോകരുതേ സുരഞ്ജനാ
അങ്ങോട്ടു പോകരുതേ
അക്കാണും പുരുഷനോടു
മിണ്ടാട്ടമരുതേ
മടങ്ങിവരൂ സുരഞ്ജനാ...
ഗഗനതലം വിതിർത്തിട്ട
രജതജ്വാല രാത്രിയിൽ
ഈ നിലത്തി,ലീതിരകളിൽ
മടങ്ങിവരൂ നീ.

എൻ കരളിന്നുള്ളിലേക്കു
മടങ്ങിവരൂ നീ.
ആ കാണും പുരുഷനൊത്തു
പോകരുതേ നീ
അകന്നകന്നു ദൂരെ ദൂരെ
മറയരുതേ നീ.
അവനോടു മൊഴിയാൻ നിന-
ക്കെന്തുണ്ടു കാര്യം?
ആകാശം മറയ്ക്കുന്നൊ-
രാകാശത്തിൽ
ഭൂമി നീ,യവന്റെ പ്രേമം
പുല്ലു മാത്രം.
സുരഞ്ജനാ നിന്റെ ഹൃദയം
പുല്ലുപോലായ്
കാററിനപ്പുറം കടന്നു
കാററു വീശുന്നു
വാനം പരന്നൊഴുകുന്നു
വാനിനപ്പുറം.

(ആകാശലീനാ: സാതടി താരാർ തിമിർ)

## മരണക്കുറിപ്പ്

ഇവിടെ കിടക്കുന്നു സരോജിനി; (അവളിപ്പോഴും
ഇവിടെയുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ); വളരെ
നാളായി അവളിവിടെ ശയിക്കുന്നു.
എന്നിട്ട് ഒരുപക്ഷെ ഉയിർത്തെഴുന്നേററ്
ഇരുട്ടവസാനിക്കുന്നിടത്ത് ജ്വലിച്ചുനിൽക്കുന്ന
മേഘത്തിൽ ലയിച്ചിരിക്കാം.
അവളെങ്ങനെ ചെന്നുപററി, സരോജിനി,
ഏണിപ്പടികളും പറവച്ചിറകുകളുമില്ലാതെ?
അതോ ഭൂമിയുടെ ജ്യാമിതിയിൽ ഒരു വെറും
പാഴ്സലാണോ അവൾ?
പക്ഷെ ആ പ്രേതം പറയുന്നു:
എനിക്കറിഞ്ഞുകൂടല്ലോ.

ആകാശത്തിലൊരു വരണ്ട കുങ്കുമരേഖ
തങ്ങിനിൽക്കുന്നു.
പൊള്ളക്കൗശലത്തിന്റെ വഴക്കാളിച്ചിരിയും
മുഖത്തേന്തിനിൽക്കുന്ന ഒരദൃശ്യമാർജാരത്തെപ്പോലെ.

(സപ്തക്; സംതടി താരാർ തിമിർ)

## വസന്തം കഴിഞ്ഞു

പകലറുതിയ്ക്കു കുന്നിൻചരിവിലെ കാട്ടിൽ
പതുങ്ങിക്കിടക്കുന്നു കൊല തേടുന്ന കുറുനരികൾ
കുററിരുട്ടിൽ മൗനമായി ചുററിനടന്ന്
ഒരു തെളിപ്രദേശത്തെത്തിയപ്പോൾ കണ്ടു:
നിലാവിലുറങ്ങുന്ന മഞ്ഞുപോലെ.
അവരുടെ നാൽക്കാലിസ്വത്വങ്ങൾക്കപ്പോൾ
മനുഷ്യരെപ്പോലെ നിലവിളിക്കാൻ
കഴിയുമായിരുന്നെങ്കിൽ
വേദനപോലെ ഗാഢമായ ഒരു വിസ്മയം
അവരുടെ മനസ്സിൽ തെളിയുമായിരുന്നു.
അങ്ങനെ വസന്തമെല്ലാം കഴിഞ്ഞ്, പെട്ടെന്ന്,
നിന്നെ കാണുമ്പോൾ രക്തത്തിന്റെ കാളിമയിൽ
എന്റെ ആത്മാവ് തുള്ളിച്ചാടും.

(സെയ് സബ് ശേയാംലരം: സാതടി താരാർ തിമിർ)

## യാത്രികൻ

യുഗങ്ങൾക്കു മുൻപാണെന്നു തോന്നും
ഏതോ വിദൂരസമുദ്രത്തിലെ നിർമ്മലജലത്തിൽ
ജീവൻ പിറവിയെടുത്തു.

അതിനു പിന്നിലായിരുന്നു ചിത്രലിഖിതഹിമധൂമം
ജനനമരണങ്ങളോ വ്യക്തിസത്തയോ ഇല്ലാതെ
ഹിമധൂമഭാഷ പതുക്കെ മറന്നശേഷം
ഒരസ്പഷ്ടസത്തയിൽ അറിയാതെ അനുരാഗമാർന്ന്
വെളിച്ചത്തേക്ക്, ആകാശത്തേക്ക്, വെള്ളത്തിലേക്ക്

ആകർഷിക്കപ്പെട്ട് ഒരു പുതിയ അർത്ഥം
ഭൂമിത്തൊട്ടിലിൽ വളർന്നു.

അങ്ങനെ ജനനമരണങ്ങളുടെ കറുപ്പും വെളുപ്പും
ഹൃദയത്തിൽ ചുററി
ഭൂമിയിലേക്കുള്ള യാത്രയിൽ മനുഷ്യനെത്തി.
മഷിപുരണ്ട അസ്ഥിപ്പൊടിയിൽ,
ചുററും ചോര ചിതറി
നിതാന്തമായ കാത്തിരിപ്പിന്റെ
അടയാളസ്തംഭങ്ങരം നോക്കി
വഴി കണ്ടുപിടിച്ച്
ഈ മണ്ണിൽ എന്റെ ജനനത്തിന്റെ അടയാളം
വെളിപ്പെടുത്താൻ ഞാനെത്തി.
ആർക്കു വെളിപ്പെടുത്താൻ?
ഭൂമിക്കോ? ആകാശത്തിനോ?
ആകാശത്തെരിയുന്ന സൂര്യനോ?
ധൂളീശകലത്തിനോ? പരമാണുവിനോ? അണുവിനോ?
തണലിനോ? മഴയ്ക്കോ? ജലകണത്തിനോ?
നഗരത്തിനോ? തുറമുഖത്തിനോ? രാഷ്ട്രത്തിനോ?
അറിവിനോ? അജ്ഞതയ്ക്കോ?
നമ്മുടെ ജനനത്തിനുമേൽ തങ്ങിനിന്ന ഹിമധൂമം
നമ്മുടെ മരണത്തിൽ കയറിപ്പടർന്നുനില്ക്കുന്ന
ഹിമധൂമം
വെളിച്ചത്തിന്റെ വളവിലേക്ക് അതിന്റെ ഇരുട്ടിനെ
നയിക്കുന്നു.
നീല വിശാലതയിലേക്കു പ്രേമപൂർവം നീന്തിയെ
ത്തുന്ന മനസ്സ്
കാലാതീതശ്യാമസമുദ്രത്തിലേക്കു നമ്മെ
തള്ളിയയയ്ക്കുന്നു.
എങ്കിലും എന്നും സൂര്യൻ തന്റെ കൂടെ
കൊണ്ടുവരുന്നു
പകലും വെളിച്ചവും ജനനമരണമാർഗവും.
ശശ്വത്കാല ചരിത്രത്തിൽ അതിന്റെ അർത്ഥം
അപരിമേയമായിരിക്കുന്നു.
ഈ ലക്ഷ്യത്തിലേക്കാണു മനുഷ്യൻ യാത്ര
ചെയ്യുന്നത്.

പ്രേമം, പതനം, ഓരോ കാൽവെയ്പിലും വേദന.
നദി, ധൂസരവും എപ്പോഴും പറന്നുകൊണ്ടിരിക്കുന്ന
തുമായ മനുഷ്യഹൃദയം
എല്ലാം പ്രഭാതത്തിൽ രാത്രിയുടെ അന്ത്യം
പ്രാപിക്കുന്നു—
അനന്തമായ കഥയുടെ എണ്ണമററ പ്രഭാതങ്ങൾ
പുതിയ സൂര്യൻമാർ, പുതിയ പക്ഷികൾ,
പട്ടണങ്ങളിലും വാസസ്ഥലങ്ങളിലും പുതിയ
അടയാളങ്ങൾ
ജീവിതത്തിൻെറ നാട്ടിലേക്കുള്ള യാത്രികർ
പുതിയ യാത്രികരുമായി കൂടിച്ചേരുന്നു
അവരുടെ ഹൃദയങ്ങളിൽ വെളിച്ചവും പാട്ടും
യാത്രയുടെ താളവുമുണ്ട്
അനന്തതയിൽ, ഒരുപക്ഷെ മനുഷ്യദത്തമായ
അനന്തപ്രയാണം.

(യാത്രി: ശ്രേഷ്ഠകബിത)

## അനുപമ ത്രിബേദി

ഉരുളുമിബ്ഭൂമിയുടെ ജഠരത്തിലിന്നവൻ
ഉടലോടെ മറിയുകില്ലെന്നാകിലും
കുളിരാർന്നൊരീ നിശാവേളയിൽ തെളിയുന്ന-
തനുപമത്രിബേദിയുടെ മുഖമല്ലയോ?
മേശയുടെ സവിധത്തിൽ ഭവ്യമായ് നില്ക്കുന്ന
ഹേമന്ത മൗനമതു ചേർപ്പൂ
മൃതരുടെയുമമൃതരുടെയും മനോവീഥിയിൽ
തെളിയുന്നിതാ സ്മൃതികൾ തിങ്ങി.
മേശയിലിരിക്കുന്ന ഗ്രന്ഥങ്ങൾ നമ്മളെ
പ്ലേറേറാ, ടാഗൂറാദിചിന്തകരിൽ
ആകർഷിച്ചങ്ങോട്ടുതന്നെ നയിക്കുന്നു-
ണ്ടാകിലുമായവർ പിന്നെയെന്നാൽ
ചിന്തകൾ നമ്മളെയേല്പിച്ചുറങ്ങുന്നു
മഞ്ഞും പുതച്ചു തണുപ്പിലവർ.
മെഴുതിരിയുമൂതിക്കെടുത്തി ത്രിബേദി ചെ-
ന്നവരെയിനിയുമുണർത്തുമല്ലോ.

ബോധി,യുമുയിർത്തെഴുന്നേല്പും, കബാലയും
തന്ത്രവും മാർക്സും ഹെഗലുമെല്ലാം
ഭിന്നദിശകളിലേക്കു ചെവി വലി-
ച്ചുങ്ങോരെയസ്വസ്ഥനാക്കിയപ്പോഴ്
നെററിചുളിച്ചു തൻ കയ്യെളിയിൽ കുത്തി
പെട്ടെന്നു ഭൂതോദയം പോലറിഞ്ഞു
ജ്ഞാനത്തെക്കാഴ് പ്രിയം പ്രേമം തനിക്കെന്നും
പ്രേമത്തെക്കാഴ് പ്രിയം ടോട്ടമെന്നും
പെണ്ണിൻ മനസ്സിൽ—മൃഗതൃഷ്ണവെല്ലുവാ-
നുന്നുന്നൊരൊട്ടകം പോലെയവഴ്
നേരെ നടക്കുന്നു, വെൺമഞ്ഞസാരിതൻ
മേലൊട്ടിനില്ക്കുന്ന,ടുത്തു നോക്കൂ
എത്ര സമർത്ഥയാണീ റെഡിമെയ്ഡ് ലേഡി-
നിശ്ചയം ദക്ഷിണ വംശജാത?
സാരിതൻതുമ്പിലെക്കെട്ടലക്ഷ്യം തുലോം
വീശി ചുഴററി വരുന്നോളിവഴ്
ഉത്തർപരാ, ബണ്ഡേൽ, കാശിപ്പൂർ, ബേഹല-
ഒക്കെ ക്കുറുകെ ക്കടന്നുവന്നു
സ്റ്റാലിൻ, നെഹറു, ബ്ലോക്ക്, റോയ് എന്നീ ഭാരങ്ങഴ്
താണ്ടി, മുച്ചാൺ മണ്ണുപിന്നിട്ടാകിൽ
പിന്നെയും യാഗശാലയ്ക്കിടംകിട്ടിടാം
എങ്കിലും പ്രേമമതാവുകില്ല.
അങ്ങനെ ചിന്തിച്ചുപോന്ന ത്രിബേദിക്കു
തന്നെ മനസ്സിന്നുറപ്പുപോയി.
അങ്ങോട്ടുമിങ്ങോട്ടും കാതുവലിക്കുന്ന
തുല്യ വൈരുദ്ധ്യങ്ങഴ് തൻ നടുവിൽ
ദേഹി ദേഹാന്തസ്ഥർ നമ്മഴ്; ത്രിബേദിതൻ
കാതുകളൂക്കിൽ വലിച്ചുവത്രേ.

(അനുപമത്രിവേദി: ശ്രേഷ്ഠകവിതാ)

## വിചിത്രമായ അന്ധകാരം

പകൽ വന്നു മൂടിയ ഈ വിചിത്രമായ
അന്ധകാരത്തിൽ
ഏററവും കൂടുതൽ കാഴ്ച അന്ധൻമാർക്കാണ്.

സ്നേഹശൂന്യരും നിർദ്ദയരുമായ പ്രേതങ്ങളുടെ
ഉപദേശമാണ് ലോകത്തെ നയിക്കുന്നത്.
വെളിച്ചത്തിൽ
മനുഷ്യന്റെ നിത്യമായ അന്വേഷണത്വരയുടെ
അമൃതജ്വാലയിൽ
വിശ്വസിക്കുന്നവരുടെ ഹൃദയം
ചെന്നായ്ക്കും കഴുകനും ആഹാരം.

(അദ്ഭുത ആംധാർ ഏക്: ശ്രേഷ്ഠകവിത)

## ഒരു ദിവസം ഞാൻ തിരിച്ചുവരും

ഒരുനാൾ ഞാൻ തിരിച്ചെത്തും
തിരിച്ചീവംഗഭൂമിയിൽ
നെൽപ്പാടത്തു ചേർന്നോരീ
നദിതൻ തീരഭൂമിയിൽ
മർത്ത്യവേഷത്തിലാവില്ലാ
വെള്ളിൽപ്പറവപോലെയോ
പുതുനെൽ കാലകാല്യത്തി-
ലിറങ്ങുംകാകനൊപ്പമോ
ഝ്യാവിൻതണലിലുറുന്ന
മൂടൽ മഞ്ഞുയലാടിയോ
ചെമന്ന കാലുകൾ ചുററും
ചിലങ്കയണിയുന്നവൾ
കൗമാരപ്പെണ്ണു കാക്കുന്നൊ-
രരയന്നം കണക്കിനോ
പുൽമണം നിറയും നീരിൽ
ഒഴുകിപ്പകൽ പോക്കിയോ
ഞാൻ തിരിച്ചുവരും വംഗ-
നദി,പാടം വിളിക്കയാൽ
ആററുവെള്ളം കഴുകുന്ന
പച്ചമൂടിയ ഭൂമിയിൽ
അന്തിക്കാററിൽ പറന്നെത്തും
മൂങ്ങയായ് നിങ്ങൾ കണ്ടിടും

പരുത്തിക്കൊമ്പിൽ വാഴുന്ന
മൂങ്ങയായ് നിങ്ങൾ കേട്ടിടും

പുൽമുററത്തൊരു ബാലൻ
നെന്മലർ വാരിയെറിഞ്ഞിടും
രുപ്സതൻ ചെളിവെള്ളത്തി-
ലൊരുബാലൻ തോണി നീക്കിടും
വെളുത്ത കീറൻപാ കെട്ടി;
യിരുളിൽ ചെംമുകിൽ നേരേ
വെൺകൊക്കുകൾ മടങ്ങുംപോൽ,
അതിലൊന്നായി ഞാൻ വരും.

(ആബാർ ആസിബ് ഫിരേ: രൂപ്സി ബാംഗ്ലാ.)

## ഇന്നു രാത്രി

ഇന്നു രാത്രി യെന്നരികിൽ നീയുമുണ്ടായിരുന്നെങ്കിൽ
എന്തുമാത്രം രസകരമായിരുന്നേനെ.
വൃക്ഷ പംക്തിയ്ക്കിടയിൽ താരകങ്ങൾക്കു
താഴെയായി-
ട്ടൊത്തിരുന്നു നർമമോതാമായിരുന്നേനെ.
എങ്കിലും ഞാനറിയുന്നു ചിന്ത, ഭാവ, വികാരങ്ങൾ
കയ്യടക്കും നിയമങ്ങൾ വല്ലുനോക്കുമ്പോൾ
ഇന്ത്യയിലും ചൈനയിലും ലണ്ടനിലും
ന്യൂയോർക്കിലും
ഇന്നു രാത്രിയുടെ ഗൂഢരഹസ്യതത്വം
വൻമൃഗങ്ങൾ ചരിത്രംപോൽ ഒഴിവാക്കാൻ കഴിയാത്ത
ഭിന്നരേഖാചിത്രമായിട്ടവസാനിക്കും.
എങ്ങുനീയിപ്പൊഴുണ്ടെന്നും എന്തു പകിട
കയ്യിലെന്നും
എന്തിനന്വേഷണം—അതു നിഷ്പ്രയോജനം.
ഞാനറിഞ്ഞ പുലരികളിൽ, ഉല്ലകളിൽ, നദികളിൽ
താരകങ്ങളിൽ കിടക്കുന്നറിവുസർവം.
(ആജ്കേർ രാത്: ബേലാ അബേലാ കാല്ബേലാ)

# ഗ്രന്ഥസൂചി

## ജീബനാനന്ദദാസിന്റെ കൃതികൾ

കവിതകൾ: ഝരാ പലക് (കൊഴിഞ്ഞ തൂവലുകൾ) 1924
ധൂസർ പാണ്ഡുലിപി (ധൂസര ഹസ്ത ലേഖ), ഡി. എം. ലൈബ്രറി, കൽക്കട്ട, 1938
മഹാപൃഥിബി (മഹാപൃഥ്വി), പൂർബാസാ ക്ഷിപ്തം, കൽക്കട്ട, 1944

സാത ടി താരാർ തിമിർ (സപ്ത താരാന്ധകാരം), ഗുപ്ത റഹ്മാൻ & ഗുപ്ത, കൽക്കട്ട, 1948

ബനലതാസെൻ, സിഗ്നററ് പ്രെസ്, കൽക്കട്ട, 1952

ശ്രേഷ്ഠകബിതാ (തിരഞ്ഞെടുത്ത കവിതകൾ), ഭാരബി, കൽക്കട്ട, 1954

രൂപസി ബാംഗ്ലാ (സുന്ദര ബംഗാൾ), സിഗ്നററ് പ്രെസ്, കൽക്കട്ട, 1957

ബേലാ അബേലാ കാൽ ബേലാ (കാലം, അകാലം, കാലാന്ത്യം), ന്യൂ സ്ക്രിപ്ററ്, കൽക്കട്ട, 1969

ലേഖനങ്ങൾ: കബിതാർ കഥാ (കവിതയെപ്പററി), സിഗ്നററ് പ്രെസ്, കൽക്കട്ട, 1955

## ജീബനാനന്ദദാസിനെപ്പററിയുള്ള കൃതികൾ

നിരുക്ത (മാസിക) സഞ്ജയ ഭട്ടാചാര്യയുടെ ലേഖനം, ആഷാഢം 1350 (1943)

| | |
|---|---|
| പരിചയ് (മാസിക) | സുഭാഷ് മുഖോപാധ്യായയുടെ ലേഖനം, ശ്രാവണം 1360 (1953) |
| ,, | മണീന്ദ്രറോയിയുടെ ലേഖനം, ശ്രാവണം, 1362 (1955) |
| മയൂഖ് ,, | ജീബനാനന്ദ സ്മാരക ലക്കം, 1954 |
| കബിതാ ,, | ജീബനാനന്ദ വിശേഷാൽ പ്രതി സമ്പാ. ബുദ്ധദേവബോസ് പൗഷം 1361 (1954), കൽക്കട്ട |
| ഉഷാ ,, | ജീബനാനന്ദ വിശേഷപ്പതിപ്പ്, സമ്പാ. ബുദ്ധദേവ ബോസ്, പൗഷം 1361 (1954) കൽക്കട്ട |
| ഏകാക് ,, | ജതീന്ദ്രനാഥ് സെൻഗുപ്ത – ജെ. ദാസ്, സംയുക്ത വിശേഷാങ്കം, കാർത്തിക - ചൈത്രം, 1361 (1954) കൽക്കട്ട |
| ആനന്ദബസാർ പത്രിക | അജിത് ദത്തയുടെ ലേഖനം, 1361 കാർത്തിക് 14 (1954) കൽക്കട്ട |
| ക്രാന്തി (മാസിക) | നാരായൺ ഗംഗോപാധ്യായയുടെ ലേഖനം, കാർത്തിക് 1361 (1954) |
| ഉത്തരസൂരി ,, | ജീബനാനന്ദ വിശേഷാങ്കം, പൗഷ-ഫാൽഗുനം 1361 (1954) |
| | അരുൺ ഭട്ടാചാര്യയുടെ ലേഖനം, ബൈശാഖ - ആഷാഢം 1363 (1956) |
| | അമലേന്ദു ബസുവിൻെറ ലേഖനം, കാർത്തിക് - പൗഷം (1956) |
| | അരുൺ ഭട്ടാചാര്യയുടെ ലേഖനം, കാർത്തിക് പൗഷം 1367 (1960) |
| കബിതാ ,, | നിരുപമ് ചട്ടോപാധ്യായയുടെ ലേഖനം, ആശ്വിനം 1363 (1956) |

| | |
|---|---|
| ആധുനിക ബംഗ്ലാ കാവ്യപരിചയ് | ദീപ്തി ത്രിപാഠിയുടെ ലേഖനം, കൽക്കട്ട, 1958 |
| കബിതാർ ധർമ് ഓ കബിതാർ രൂപബദൽ | അരുൺ ഭട്ടാചാര്യയുടെ ലേഖനം, ജിജ്ഞാസ, കൽക്കട്ട, 1958 |
| കാലേർ പുതുൽ | ബുദ്ധദേവ് ബോസിന്റെ ലേഖനം, ന്യൂ ഏജ് പബ്ലിഷിങ്, കൽക്കട്ട, 1959 |
| ഏക്തി നക്ഷത്ര ആശെ | അംബുജ ബസുവിന്റെ പുസ്തകം അമലേന്ദു ബസുവിന്റെ അവതാരിക, ദീപാന്വിത പബ്ലിഷേഴ്സ്, കൽക്കട്ട, 1965 |
| ദൈനിക് കബിതാ | കബിതാ സിംഹ എഡിററു ചെയ്തത്, 25 ബൈശാഖ സങ്കലൻ, ജനുവരി, ഏപ്രിൽ 1968 (ജീബനാനന്ദന്റെ ഭാര്യ, ലാവണ്യാദാസുമായുള്ള അഭിമുഖം, സമ്പാ. പ്രണബേന്ദു ദാസ്ഗുപ്ത) മേയ് 1966 |
| കബിതാപരിചയ് | സമ്പാ. അമരേന്ദ്ര ചക്രവർത്തി, ഏഴാം സങ്കലനം 1966, ബിനയ് മജുംദാർ എഴുതിയ "അദ്ഭുത ആന്ധാർ ഏക്: ജീബനാനന്ദദാസ്;" എട്ടാം സങ്കലനം. അലോക് സർക്കാരിന്റെ "ഘോര-ജീബനാനന്ദദാസ്":പതിനൊന്നാം സങ്കലനം: മാഘ-ചൈത്രം 1969, തീർത്ഥശങ്കർ ചതോപാധ്യായയുടെ ലേഖനം, "മൃത്യുർ ആഗെ: ജീബനാനന്ദദാസ്." |
| മോഡേൺ ബംഗാളി പൊയംസ് | സമ്പാ. ദേബി പ്രസാദ് ചതോപാധ്യായ്, പരിഭാഷകരം മുഖ്യമായും ചെയ്തത്: മാർട്ടിൻ കിർക്മാൻ, സിഗ്നററ് പ്രെസ്, കൽക്കട്ട, 1945 |

| | |
|---|---|
| സ്റ്റഡീസ് ഇൻ മോഡേൺ ബംഗാളി പൊയട്രി | സമ്പാ. നിർമ്മൽ ഘോഷ്, കൂട്ടത്തിൽ ജീബനാനന്ദിനെക്കുറിച്ചുള്ള ലേഖനം, അമലേന്ദു ബോസ്, നൊവെലാ, കൽക്കട്ട, 1968 |
| ജർണൽ ഓഫ് ഏഷ്യൻ സ്റ്റഡീസ് | ഏഷ്യാ സൊസൈറ്റി, ന്യൂയോർക്ക്. ജീബനാനന്ദദാസിന്റെ കവിതയിലെ കൽപനകളെക്കുറിച്ച് മേരി ലാഗൊ. |


Indian Inst...
117876
28.12.04

# ഭാരതീയ സാഹിത്യശില്പികൾ

ഒരു സാധാരണ വായനക്കാരനു് ഭാരതീയ സാഹിത്യചരിത്രത്തിലെ പ്രധാന ശൃംഗങ്ങൾ മനസ്സിലാകത്തക്കവണ്ണം ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള ഒരു പദ്ധതിയാണു് സാഹിത്യശില്പികളെ പരിചയപ്പെടുത്തുന്ന ഈ ശീർഷകം.

ഓരോ കൃതിയും ഒരു പ്രധാനപ്പെട്ട ഭാരതീയസാഹിത്യകാരൻെറ ജീവിതത്തെയും സാഹിത്യസംഭാവനകളെയും കുറിച്ചു് അതിവിസ്തൃതമായ വിവരങ്ങൾ നല്കുന്നു. ഇംഗ്ലീഷിൽ ആദ്യം എഴുതപ്പെടുന്ന ഈ കൃതികൾ, അക്കാദമി അംഗീകരിച്ചിട്ടുള്ള എല്ലാ ഭാരതീയ ഭാഷകളിലും വിവർത്തനം ചെയ്യപ്പെടുന്നു.

ഈ ശീർഷകത്തിൽ ഇതുവരെ പ്രസിദ്ധപ്പെടുത്തിയ കൃതികൾ :

| | | | |
|---|---|---|---|
| | കേശവസുതൻ | — | പ്രഭാകർ മാച്‌വേ |
| | രാജാ രാംമോഹൻ റോയ് | — | സൌമ്യേന്ദ്രനാഥ ടാഗോർ |
| | ഇളംകോ അടികൾ | — | എം. വരദരാജൻ |
| | ലക്ഷ്മിനാഥ് ബസ്ബറോവ് | — | ഹേം ബറുവാ |
| | കബീർ | — | പ്രഭാകർ മാച്‌വേ |
| | വീരേശലിംഗം | — | വി. ആർ. നാർളാ |
| | പ്രേംചന്ദ് | — | പ്രകാശ്ചന്ദ്ര ഗുപ്താ |
| | വേമന | — | വി. ആർ. നാർളാ |
| * | ഘാലിബ് | — | എം. മുജീബ് |
| | തോറു ദത്ത് | — | പത്മിനി സെൻഗുപ്താ |
| | പോതന | — | ഡി. വി. അവധാനി |
| | ഈശ്വർചന്ദ്ര വിദ്യാസാഗർ | — | ഹിരൺമയ് ബാനർജി |
| * | ഷാ ലതീഫ് | — | കെ. ബി. അദ്വാനി |
| * | കുമാരൻ ആശാൻ | — | കെ. എം. ജോർജ്ജ് |
| | ചണ്ഡിദാസ് | — | സുകുമാർ സെൻ |
| * | ജിബനാനന്ദദാസ് | — | ചിദാനന്ദദാസ് ഗുപ്താ |
| | ശ്രീ അരബിന്ദൻ | — | മനോജ് ദാസ് |
| | മീരാബായി | — | ഉഷാ എസ്. നിൽസൺ |
| | ബസവേശ്വര | — | എച്ച്. തിപ്പെരുദ്രസ്വാമി |
| | താരാശങ്കർ ബന്ദ്യോപാദ്ധ്യായ | — | മഹാശ്വേതാദേവി |
| | നമ്മാഴ്‌വാർ | — | എ. ശ്രീനിവാസരാഘവൻ |
| | രാധാനാഥ് റായ് | — | ഗോപിനാഥ് മൊഹന്തി |
| | മഹർഷി ദേവേന്ദ്രനാഥ് ടാഗോർ | — | നാരായൺ ചൗധുരി |
| | കൽഹണൻ | — | സോമനാഥ് ധർ |
| | എച്ച്. എൻ. ആപ്ടെ | — | ആർ. ബി. ജോഷി |
| | സാരളാ ദാസൻ | — | കൃഷ്ണചന്ദ്രപാണിഗ്രാഹി |
| | പഞ്ജെ മംഗേശ റാവു | — | പി. സീതാരാമയ്യ |
| | മേഘാണി | — | വി. ജെ ത്രിവേദി |
| | ദത്തകവി | — | അനുരാധാ പോട്ദാർ |
| | ഫക്കീർ മോഹൻ സേനാപതി | — | മായാധർ മൻസിൻഹ |

* ഇവ മലയാളത്തിൽ ഇല്ലാത്തവയാണു്.

ജീബനാനന്ദദാസ് (1899—1954) രബീന്ദ്രനാഥടാഗൂറിനുശേഷം ബംഗാളിലെ ഏററവും പ്രധാനപ്പെട്ട കവിയായി പരക്കെ അറിയപ്പെടുന്നു.

ഒരു പുതിയ യുഗത്തിന്റെ ചൈതന്യത്തിനും ശൈലിക്കും അനുയോജ്യമായ രീതിയിൽ ടാഗൂർ പാരമ്പര്യത്തെ മുന്നോട്ടു നയിച്ച സമ്പ്രദായത്തിലാണ് അദ്ദേഹത്തിന്റെ ശക്തി കുടികൊള്ളുന്നത്. അദ്ദേഹത്തിന്റെ ബിംബവിധാനത്തിന്റെ ശ്രദ്ധേയമായ മൗലികതയും കവിതയുടെ ഭാവസാന്ദ്രതയും ബംഗാളി കവികളുടെ യുവതലമുറയെ ഗാഢമായി സ്വാധീനിച്ചിട്ടുണ്ട്. തികച്ചും സമകാലികനാണ് ജീബനാനന്ദ, അതേസമയം അദ്ദേഹത്തിൽ അഗാധമായ പാരമ്പര്യബോധവും കാണാം. കിഴക്കൻ ബംഗാളിലെ ഗ്രാമീണപരിസ്ഥിതിയിൽ അത്യന്തം ഗാഢമായി ജീവിച്ച ജീബനാനന്ദിന് ബംഗാളി ജീവിതത്തിന്റെയും ഭൂപ്രകൃതിയുടെയും വിശദാംശങ്ങൾ വളരെ അടുത്തു മനസ്സിലാക്കാൻ സാധിച്ചതുകൊണ്ട് ബംഗ്ളാദേശിലെ ജനങ്ങൾ തങ്ങളുടെ മാതൃദേശത്തെ വാഴ്ത്തിക്കൊണ്ടുള്ള ഏററവും ഹൃദയസ്പർശിയും അത്യന്തം വ്യക്തിഗതവുമായ കവിത അദ്ദേഹത്തിന്റെ കൃതികളിൽ ശരിയായിത്തന്നെ കണ്ടെത്തിയിരിക്കുന്നു. ഈ പുസ്തകത്തിൽ വിവർത്തനം ചെയ്തു ചേർത്തിട്ടുള്ള 29 കവിതകൾ അദ്ദേഹത്തിന്റെ ഏററവും നല്ല കൃതികളെ പ്രതിനിധാനം ചെയ്യുന്നു.

ചിദാനന്ദദാസ് ഗുപ്ത വർഷങ്ങളായി ജീബനാനന്ദന്റെ പഠനത്തിൽ മുഴുകിയിട്ടുള്ളയാളാണ്. അദ്ദേഹം രബീന്ദ്രനാഥ ടാഗൂർ, മാണിക് ബന്ദ്യോപാധ്യായ, സമർസെൻ എന്നിവരുടെ കൃതികൾക്കു തയാറാക്കിയിട്ടുള്ള പരിഭാഷകൾ പ്രസിദ്ധമാണ്. ഇന്ത്യൻ ഭാഷകളിൽനിന്നുവന്നിട്ടുള്ള വിവർത്തനങ്ങളിൽവച്ചു ഇംഗ്ലീഷിൽ കവിത എന്ന രീതിയിൽ ആസ്വദിക്കാവുന്ന അപൂർവം കൃതികളിൽ അദ്ദേഹത്തിന്റെ വിവർത്തനങ്ങൾ ഉൾപ്പെടുന്നു. കവി ജീവിച്ചിരുന്നകാലത്ത് അദ്ദേഹത്തിനു കവിയോടുണ്ടായിരുന്ന ഗാഢപരിചയം ജീബനാനന്ദിന്റെ കവിതയുടെയും വ്യക്തിത്വത്തിന്റെയും അനേകം വശങ്ങളിലേക്ക് ഒരു പ്രത്യേകമായ ഉൾക്കാഴ്ചതന്നെ അദ്ദേഹത്തിനു നൽകിയിട്ടുണ്ട്. മുഖവുരയിലും വിവർത്തനങ്ങളിലും ചിദാനന്ദദാസ് ഗുപ്ത വെളിവാക്കുന്നത് അപഗ്രഥനപാടവത്തിന്റെയും കവിത — പ്രത്യേകിച്ചും ജീബനാനന്ദദാസിന്റെ കവിത—യോടുള്ള ഉത്കടമായ പ്രേമത്തിന്റെയും അപൂർവമായ ഒരു സംയോജനമാണ്.

അക്കാദമി അംഗീകരിച്ചിട്ടുള്ള ഭാരതീ[illegible] ദ്ധീകൃതമാകുന്ന അത്യുത്തമസാഹിത്യമേൻ[illegible] കീർത്തിമുദ്ര നൽകാൻ 1955-ൽ അക്കാദമ[illegible] അതിനുവേണ്ടി ബംഗാളിയിൽനിന്ന് ആദ്യ[illegible]പ്പെട്ട കൃതി ജീബനാനന്ദദാസിന്റെ *ശ്രേഷ്ഠ* [illegible] സമാഹാരമായിരുന്നു എന്ന് ഓർമ്മിക്കാവുന്ന[illegible]

പുറംചട്ട ഒരുക്കിയതും മുഖ ചിത്രവും: സത്യജിത്
മുഖചിത്രം സിഗ്നററ് പ്രസ്സിന്റെ ഔദാര്യം.

Library IIAS, Shimla
ML 891.441 092 D 26 D
00117876
SAHITYA AKADEMI
REVISED PRICE Rs. 15-00